# സുജാതോദ്വാഹം

(ചംബു)

Digitized By Kerala Sahitya Akademi

# സുജാതോദ്വാഹം

## ഭാഷാചമ്പു.

ഉള്ളൂർ എസ്. പരമേശ്വരയ്യർ
എം. എ., ബി. എൽ., എം. ആർ. എ. എസ്. അവർകൾ
ഉണ്ടാക്കിയതു്.

തൃശ്ശിവപേരൂർ
കേരളകല്പദ്രുമം അച്ചുക്കൂട്ടം
വക ചിലവിന്മേൽ അച്ചടിക്കപ്പെട്ടതു്.

1083.

വില 12 അണ

Digitized By Kerala Sahitya Akademi

# സമർപ്പണം.

---

തീപ്പെട്ടുപോയ 'ഉഷാകല്യാണചംപു'കർത്താവായ എന്റെ ഗുരുനാഥൻ ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ സ്മാരകമായി ഈ ചംപുപ്രബന്ധത്തെ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

Digitized By Kerala Sahitya Akademi

# സുജാതോദ്വാഹം

## ഭാഷാചമ്പു.

---

### പൂർവ്വഭാഗം.

---

കൊണ്ടാടിക്കൊണ്ടനന്തോപരിനിഖിലജഗ-
ത്താപശാന്തിക്കുബദ്ധോൽ-
ക്കണ്ഠാഭോഗംവയററിൽകമലമൊട്ടുശയി-
ക്കുന്നകാർമേഘവാസ്സേ!
തണ്ടാർമാതിൻതടപ്പോർമുലകളുടെതപഃ-
പുഞ്ജമേ!കല്പവൃക്ഷം
തിണ്ടാട്ടംനിൻപദത്താർതൊഴുമിവനുദയം-
ഭഃകണംചേക്കണംനീ. ൧

നിന്നോററിക്കുങ്കുമപ്പൊട്ടു,ധിഗളമണിയും
ചാരുകസ്തൂരി,കേശം-
തന്നിൽചൂടുന്നമുല്ലപ്പൂത്തുമലരിവയെ-
ന്നെയ്യിലായ്ത്തയ്യലാളേ!
കണ്ണിൽചെന്തീ,കഴുത്തിൽഗരളു,മണികപ-
ർദ്ദത്തിലാററിൻതിരക്കോ-
പ്പെന്നൊക്കെത്തോന്നിട്ടെന്നെന്നുമയൊടുഹരനോ-
ത്തുന്നതിന്നായ്ത്തൊഴുന്നേൻ. ൨

Digitized By Kerala Sahitya Akademi

ശ്രീമത്താമാസ്സ മാറൊത്തിരുവിധമുടയോ-
        രമ്മയിൽപ്രേമമാൎന്നും
സാമൎത്ഥ്യാൽതാരകോൽപ്പന്നതകലരുകിലും
        താരകാരാതിയായും
കാമൽത്തൈവല്ലിച്ചുററിപ്പടരുമൊരമരാ-
        നോകഹംശോകഹംമേ
കാമത്തെക്കൈവരുത്തിക്കരളിനുകുളിരും
        സൌഖ്യമുണ്ടാക്കിടട്ടേ. ൨
മുൻകാലംഭാരതക്ഷ്മാതല,മതുലബലാ-
        ഭോഗദാഭാഗിനിയെക്കൊ-
ണ്ടുങ്കാളുംശത്രുവംശപ്രകരമെരിപൊരി-
        ച്ചാകവേലാലഃവന
തങ്കാലിൽത്താണുവീശ്ലോക്തിസൂരഭികളാം
        രാജപുത്ര്യാഖ്യഭൂമി-
ക്കൊങ്കാലങ്കാരമുക്താമണികൾവള്ളരെന്നാൾ
        പാലനംചെയ്തുവാണാർ. ൩
ഞമ്മന്നോരിലരാതിലാജദഹനം
        ചെയ്യുംപ്രതാപാനലൻ-
തന്മുന്നിൽജയലക്ഷ്മിയാംതരുണിയെ-
        പ്പാണിഗ്രഹംചെയ്തവൻ
വിണ്മേൽമിന്നുമുഡുക്കൾതൻനടുവിലാ-
        ച്ചന്ദ്രൻകണക്കുൎവ്വിമേൽ
നിൎമ്മായംജയചന്ദ്രനെന്നൊരുധരാ-
        പാലൻവിളങ്ങീടിനാൻ. ൪

Digitized By Kerala Sahitya Akademi

താണീടാതുള്ളകീൎത്തിച്ഛടയൊടുധരണീ-
പാലനംകാന്ന്യകുബ്ജ-
ക്ഷോണീമാതിൻെറനെററിത്തൊടുകുറിജയച-
ന്ദ്രാഭിധൻചെയ്തതന്ദ്രം
വാണീടുമ്പോൾജനങ്ങൾക്കുയരുമൊരുമഹാ-
ഭാഗ്യസൌഖ്യാതിരേക-
ശ്രേണീവൈപുല്യമോതുന്നതിനണുവുമിവൻ-
നാവതിന്നാവതല്ലാ. ൪
ദാനംധാരാളമുണ്ടെങ്കിലുമതിൽമദമി-
ല്ലാതെയും,താൻകലാവാ-
നാണെന്നാലുംകളങ്കത്തിനുവഴുതുകൊടു-
ക്കാതെയും,പ്രീതിയോടേ
മാനത്തിൽപാൎത്തുലോകത്തിനുപകലിരവും
ഭേദമില്ലാതെബന്ധു-
സ്ഥാനംകൈക്കൊണ്ടുമുൎവ്വീതലമവികലമ-
പ്പാൎത്ഥിവൻകാത്തുവാണാൻ. ൫
അന്ന്യായത്തിനുജന്മസ്ഥനി,യനഘപഥ-
ന്മാൎക്കുശ്രുക്രപ്രസാദം,
വിണ്ണോൎനാഥന്നുബുദ്ധിക്കുയ,മിതരനൃപ-
ൎക്കൊക്കെവിഖ്യാതിനാശം,
പുണ്യക്ഷോണിക്കുപുഷ്ടിപ്രസരമിവയൊടൊ-
ന്നിച്ചുസാമ്രാജ്യലക്ഷ്മി-
ക്കുന്നാളന്ന്യൂനരാഗംതടവനപതിയായ്-
ത്തീൻപോലന്നരേന്ദ്രൻ. ൬

Digitized By Kerala Sahitya Akademi

ഗദ്യം:—ഇത്തരം ധരിത്രീഗോത്രാരി ജയചന്ദ്രൻ സ്വകീർത്തിസുരസ്ത്രീഗീതയാക്കിക്കരുത്താൽ പ്രജകളിൽ പെരുത്ത ശുഭം പരത്തിട്ടാദ്രദൈന്യം, വിരുദ്ധസൈന്യം രണ്ടിനുമൊരേതരത്തിലറുതി കരത്താൽ വരുത്തിജ്ജഗത്തെ നിത്യം പരിത്രാണനം ചെയ്തു കളത്രമിത്രസഹിതം ചരിത്രപ്രഥിതമാം നിജപുരത്തിൽ പാർത്തു.

കാലംകുറച്ചുനിജകാന്തയുമായ്ധരിത്രീ-
പാലൻകഴിച്ചുസുഖമേനിവസിച്ചിടുമ്പോൾ
താലാങ്കസോദരകൃപാവിഭവാലവൾക്ക്
ലോലാംഗിയാമൊരുകുമാരിസമുത്ഭവിച്ചു. ൯
അക്കന്യകുഞ്ഞുഭവരാദിമുതൽക്കുനട്ടു
കാക്കുന്നതാംസുകൃതവല്ലരിപൂത്തപോലെ
തൽക്കന്യയെക്കരുതിയന്നുസുജാതയെന്നായ്
ശ്ലാഘ്യൻനൃപാലമണിനാമവുമിട്ടുകൊണ്ടാൻ. ൧൦
അനുദിവസമനന്താഭ്യന്തരേബാലയാമ-
പ്പനിമതികലപൊങ്ങിപ്പുഷ്ടശോഭംവളർന്നു,
അനിശമതിലുദിക്കുംപുഞ്ചിരിപ്പൂനിലാവാൽ
ജനനയനചകോരവ്രാതവുംപ്രീതമായി. ൧൧
അദ്ധാതാവാത്മജസ്സുള്ളറിവിനൊടനസൂ-
യസ്സൈഴംസൽഗുണത്തെ-
പ്പോൽത്താരമ്പൻറെകാന്തസ്സുടയതനുവിനും
ചേർത്തപോൽപുത്രിബാലം
തത്താദൃക്കായ്നയിസ്സുനാതുമിളിതരസം
നാൾക്കുനാൾനോക്കിനോക്കി-

Digitized By Kerala Sahitya Akademi

ച്ചിത്താനന്ദാർണ്ണവത്തിൽജനകജനനിമാ-
രണ്ടുമുങ്ങിക്കളിച്ചാർ. ൧൨

ഇത്ഥംജഗത്ത്രിതയനേത്രകൃതാർത്ഥലത്തെ
നിത്യംവളർത്തിവിലസുംനൃപതീന്ദ്രപുത്രി
അബ്ദങ്ങളങ്ങിനെകുറച്ചുകഴിഞ്ഞു ബാല്യ-
സ്വത്തെന്നതാംനിലയെവിട്ടുവിമുക്തയായാൾ. ൧൩

വാടാതേതന്നെപാദംഗതിയിൽവിലസിപോൽ,
മാന്ദ്യമായാസമേത്തും
കൂടാതേതന്നെമദ്ധ്യംദിനമനുകൃശമായ്,
പുണ്യമൊന്നുംവ്രതത്താൽ
നേടാതേതന്നെമേന്മേലുദരമതിതരാം
ക്ഷാമമായ്,ശങ്കചെററും
തേടാതേതന്നെനേത്രംതരളതരവുമായ്
തൽക്ഷണംപക്ഷ്മളാക്ഷ്യാഃ. ൧൪

താരുണ്യാർക്കൻധരിത്രീഹരിഹയതനയാ-
ഗാത്രപൂർവ്വാദ്രിതന്മേൽ
ചേരുന്നേരംതദാസ്യാംബുജമലർവികസി-
പ്പിച്ചതന്നിച്ഛപോലേ
പാരംവക്ഷോജകോകദ്വയഘടനമുടൻ
ചെയ്കിലുംകേശമാകും
ഭൂരിധ്വാന്തംപടത്തീപ്രതിഭടതയുമാ-
സ്നിഗ്ദ്ധഭാവത്തിൽമങ്ങും. ൧൫

കൈത്തണ്ടിൽകൂടിതങ്കത്തരിവളതനുവിൻ
കാന്തിമന്ദാഗ്രഹിപ്പാൻ,

Digitized By Kerala Sahitya Akademi

കാൽത്താരിൽചേൎന്നമഞ്ജുസ്വനപാനതൃഷാ
    നൂപുരംലോഭനീയം,
മുത്തേറെപ്പൂണ്ടുമുക്താവലികുചഗിരിയിൽ
    കേവലംസേവചെയ്തു
നൽത്തേൻചൊല്ലാളണിഞ്ഞീലൊരുപൊഴുതുമഹോ!
    ഭൂഷണംഭൂഷണാൎത്ഥം. ൰൩
ഒന്നായ്ലോകത്തിനാലോചനശിവ!ശിവനേ!
    ചന്ദ്രനൊന്നല്ലരണ്ടായ്
മൂന്നായ്കല്യാണശൈലംമനസിജശരമോ
    സാരമാറായിതാറും
പിന്നൊപ്പത്തൻപതായ്ത്തീൎന്നിതുയുവഹൃദയം,
    പൂൎണ്ണതാരുണ്യധാതാ-
വന്നൊട്ടേറ്റംവിചിത്രപ്പണികളവനിയിൽ
    ചെയ്തുസാമോദമേവം. ൰൪
അംഘ്ര്യംഭോജാസവത്തെക്കളവൊടുകചഭൃം-
    ഗങ്ങൾഭംഗ്യാനുകൎന്നു
കൊങ്കപ്പൊൽക്കുന്നിലെത്തുംനയനമനിമിഷാ-
    ളിവ്യയെക്കണ്ടുലാക്കി
തങ്കച്ചേലാന്തനശ്രീതടിനിയിൽമുഴുകി-
    ക്കട്ടമന്തിച്ചുമുറ്റും
മങ്കസ്ത്വന്നീമനോജ്ഞപ്രഭമനസിജനോ
    വിശപസൂക്കാവരുത്തി? ൰൫
ശംഖിന്നുള്ളാപികത്തിൻവസതി?പവിഴവും
    മുത്തുമല്ലേത്തിലാമോ?

Digitized By Kerala Sahitya Akademi

തിങ്കൾത്തെല്ലിന്നുമേലോമുകിൽനിര?യമൃതി-
ന്നാശ്രയംതൊണ്ടിതാനോ?
തങ്കക്കുന്നിൽപിറന്നോയമുന?യത്തുതടാ-
കത്തിലോവീഴ്വതെന്തീ-
യംഗശ്രീതൻപ്രഭാവം?ഹര!ഹര! ചപലാ-
ലേഖഭ്രലോകമാണോ? ഹൻ
അനിശംനവയൌവനത്തോടൊത്തോ-
രനവദ്യാംഗിനരാധിനാഥപുത്രി
തനുവാംലതകൊണ്ടുതന്നെഗാഢം
ജനഹൃത്തൊക്കെവരിഞ്ഞുകെട്ടിവാണാൾ. ൧൦

ഗദ്യം:— ഇവണ്ണം വർണ്ണനത്തിനനന്തരം, ദർശനത്തിനിന്ദ്രനും ശക്തി പോരാത്ത ചാരുതയേറും നീരോത്ത നീരദത്തിൻമദത്തെയുതിർത്ത പുരികുഴലെഴും കുയിൽമൊഴി സുഷമയാലാഴി ചൂഴ്മൂഴിയിൽ വാഴും കേഴമാൻമിഴിമാർക്കു വാച്ചും മൂർച്ഛ ബാക്കിവെയ്ക്കാതൊതുക്കി സ്വകുലത്തിനു വികലതയററ കീർത്തി ചേർത്തും വരുത്തിക്കാണുമെന്നോരുടെ കണ്ണും കേൾപ്പവരുടെ കർണ്ണവും ഹഠാദാകർഷിച്ചനവദ്യമായ ലാവണ്യത്തിൻ നടനപ്പന്തലായി ലസിക്കുമ്പോൾ

ഔദ്ധത്യംമൂത്തധാത്രീപതികളെയഖിലം
സ്വർഗ്ഗനാരീരതിക്കായ്
മൊത്തത്തിൽചേർത്തുരാകാഹിമകരമഹിമാ-
വൊത്തസൽക്കീർത്തിവസ്ത്രം
പൃത്ഥചിത്തോർവാണിയാൾക്കായ്പ്രിയമൊടുസ്വവൃത്ത-
ത്തത്തിൽനൽകിസ്സുരേശ-

Digitized By Kerala Sahitya Akademi

പ്രസ്ഥത്തിൽപാൎത്തിരുന്നാൻപൃഥുവിതിപൃഥുദോ-
 വിക്രമൻ ചക്രവൎത്തി. ൧൧
നേരെത്താത്തുള്ളനീതിത്തികവ,ഖിലകലാ-
 ദാക്ഷ്യ,മന്ന്യക്ഷമേശ-
ന്മാരെത്താഴ്ത്തുന്നകീൎത്തിച്ചട,തനുസുഷമാ-
 വൈഭവം,സൽസ്വഭാവം,
നീരിത്താർപത്രനേത്രൻതിരുവടിയിലലം
 ഭക്തിയെന്നിത്ഥമോൎത്താ-
ലാരിദ്ധാത്രീന്ദ്രമുക്താമണിയൊടുകിടയാ-
 യുള്ളപാരുള്ളിലിന്നും? ൧൨
ചേലിൽതച്ചരിതംബാല്യ-
കാലത്തിൽത്തന്നെയൂഴിയിൽ
തൈലത്തിൻവിന്ദുതാനംഭോ-
ജാലത്തിൽപോൽപരന്നുതേ. ൧൩
ഓരോതരംപൃഥുനൃപാലഗുണങ്ങളാളി-
മാരോതിടുന്നതഖിലംനിരുപിച്ചുനിത്യം
കാറോടെതൃത്തകചമാൎക്കണിമൌലിമാല
വേരോടുതന്നഭിനിവേശമവങ്കൽവെച്ചാൾ. ൧൪
കുന്നുവെന്നകുചമാർതൊഴുന്നൊര-
ത്തന്വിതന്നിൽനരനാഥചിത്തവും
മന്ദമന്നുപുരുപുണ്യവൈഭവാൽ
ചെന്നുചേൎന്നുകൃതകൃത്യമായിപോൽ. ൧൫
ഇരുവരുമൊരുപോലിവണ്ണമന്ത-
ൎവ്വരണമതന്നുപരസ്പരംകഴിഞ്ഞു

Digitized By Kerala Sahitya Akademi

അരികിൽമരുവിടുംസരോജബാണൻ
കരുതിയഹോവിധിധന്യനെന്നുതന്നേ. ൧൩

ഗദ്യം:— അക്കാലത്തിലഖിലവിപുലാപാലകുലകലാപമായ് ലസിയ്ക്കും കാന്യകുബ്ജാധിപതി ജയചന്ദ്രൻ നന്ദിനിയിലന്നിനിയ നവയൌവനയാമിനീനാഥോദയത്താൽ ദിനമനുവർദ്ധമാനമാകുമസമാനലാവണ്യജലനിധിപാനീയപൂരത്തിൽ നയനദ്വയത്തെ നിമജ്ജന്നായ് വിശിഷ്ടകുലപ്രസൂതി വിപുലതരഖ്യാതിയിവയാലുമതുഃചാലമലശരീരാഭിഖ്യ യതുലകലാവിചക്ഷണതയിവയാലുമിസ്സരില്ലതിസമാവൃതമായ ധരിത്രീമണ്ഡലത്തിലവനീശവംശത്തിന്നലങ്കാരഭൂഷണങ്ങളായ്വിളങ്ങുമൊരു യുവാക്കളിലേവനൊരുവനസ്സുന്ദരിതൻ പാണിഗ്രഹണത്തിന്നർഹനെന്നമന്ദമന്തരാ വിചിന്തനംചെയ്തു സന്തപ്തഹൃദയനായ്തന്നെയും ചതുർമ്മുഖനേയും നിന്ദനംചെയ്തു സാരന്മാരായ ചാരന്മാരെയോരോരാജധാനിതോറുമയച്ചു വിചാരണ ചെയ്യിച്ചുമസംതൃപ്തനായൊരുദിനമാസ്ഥാനമണ്ഡപത്തിൽ തന്നുടെ മുഖ്യാമാത്യന്മാരെയാഹ്വാനംചെയ്തവരോടീവിധം മധുരമായ് കഥിച്ചു:

‘എന്നേത്രചന്ദ്രികവളർന്നുമനോവിഷാദ-
മെന്യേവയസ്സിലധുനാപതിനാറുപോക്കി
ഇന്നേതുകൊണ്ടുമിതവൾക്കുവിവാഹകാലം
തന്നേനിനയ്ക്കിലൊരുതർക്കമശേഷമില്ലാ. ൧൪
ശീലം,കുലം,സുഷമ,വിദ്യതുടങ്ങിയോരോ-
ന്നാലുംകുമാരിയൊടുചേർച്ചയെഴുംയുവാവെ,
കാലംകഴിഞ്ഞതുകഴിഞ്ഞുവരാംഗിയാൾക്കു
മേലെങ്കിലുംഝടിതിവല്ലഭനാക്കിടേണം.



Digitized By Kerala Sahitya Akademi

വൻപൊത്തോരുർവ്വരാധീശ്വരർവിലസുവതാ-
　　യിന്ദുദേശങ്ങളൊന്നാ-
ല്ലൻപത്താറുണ്ടവസ്സപ്പ്രാമതിലധികം
　　ദീപവുംലോഭമെന്ന്യേ
അൻപൊത്തെന്നാലുമബ്ജാസനനതികഠിനൻ
　　തന്വിമാർമുന്നിൽനില്ലോ-
മെൻപുത്രിക്കൊത്തധാത്രീരമണനൊരുവനെ-
　　ദൃഷ്ടിനാൽതീർത്തതില്ലാ. ൧൯

അനുരൂപനൊരുത്തനെൻമകൾക്കീ-
മനുജാധീശകുലത്തിലേവനിപ്പോൾ?
അനുതാപമിതോർത്തുവാഴ്കമെന്നു-
ള്ളിനുശൈത്യംവരുമാറുരച്ചുകൊൾവിൻ.' ൨൦

വിമതശമനനാംനൃപാലനേവം
സ്വമതമുരച്ചതുകേട്ടുതൽസദസ്സിൽ
പ്രമദമൊടുസുമന്ത്രകല്പനാകം
സുമതികഥിച്ചിതുസൂക്ഷ്മബുദ്ധിയോടേ: ൨൧

'ശകലമിവിടെനോക്കേണ്ടന്ധരായ്ഹന്ത!രാവും
പകലുമിതുവരെയ്ക്കുംപാർത്തുനാമാർത്തിനേടി;
സകലസുഖവുമുണ്ടായ്ദുഃഖമെല്ലാർക്കുമൊന്നി-
ച്ചകലുമരചനാംനീയീവിധംചെയ്തതാകിൽ. ൨൨

ഭൂഭാഗത്തിങ്കലൊക്കെപ്പതിയൊരുപുകഴാം
　　പൂർണ്ണിമാചന്ദ്രമസ്സിൻ
ശോഭാഗർവ്വംനശിപ്പിച്ചൊരുശുഭനടപാ-
　　വാടപാടെവിരിച്ച്

Digitized By Kerala Sahitya Akademi

താപാപേതംജയശ്രീവധുവൊടുപതിവായ്
ജൈത്രയാത്രയ്ക്കൊരുങ്ങും
ക്ഷ്മാപാലോത്തംസമുത്താംപൃഥുനൃപതിയെനീ
കഷ്ടമേ!വിട്ടുമുന്നം. ൨൨
ശ്രീനിതാന്തമെഴമിക്കുമാരിപോയ്
മാനിയാമവനിൽമാല ചാർത്തണം
വാനിലാഭയൊടുപൊങ്ങുമിന്ദുതാൻ
പൂനിലാവിനനുരൂപവല്ലഭൻ.' ൨൩
രാട്ടീമട്ടുകൾകേട്ട-
ക്കട്ടത്തീയൊത്തുപെട്ടദൃഷ്ടികളെ
രുട്ടൊട്ടുരുട്ടിക്കൈത്താർ
കൊട്ടിപ്പൊട്ടിച്ചിരിച്ചുരച്ചിതിദം: ൨൪
മതിമതിചെവികൊണ്ടെന്തെന്തുഞാൻഹന്ത!കേൾക്ക-
ന്നതുകിതവനവൻമൽകന്യതൻകാന്തനെന്നോ?
ചിതമിതുചിതമേററംകേകികൾക്കീശിതാവിൻ-
സുതയുടെപതിയുണ്ടോകൊച്ചുനീർക്കോലിയാവൂ? ൨൫
നാകത്തിൻമതിൽക്കൂടെവെങ്കളിയിട്ടും
നൽക്കീർത്തിയെക്കാത്തൊരെ-
ന്നേകച്ഛത്രമതിൻനിഴൽക്കതടവു-
ടൊക്കുംനൃപന്മാരെ
പാകംനോക്കിമറിച്ചുഞാൻപടുകുഴി-
ക്കുള്ളിൽപതിപ്പിച്ചിടാ-
താകണ്ഠംപ്രമദാബ്ധിതന്നിലവരൊ-
ത്തിച്ചുസ്സുമജ്ജിക്കയോ? ൨൬

Digitized By Kerala Sahitya Akademi

ഇതെന്തു കഥഹന്ത!നീമതിമറന്നസംബന്ധമെൻ-
ഹൃദന്തമതുചുട്ടിടുംപടിസദസ്സിൽവെച്ചീവിധം
സ്വതന്ത്രതകവിഞ്ഞുരപ്പതിനുഹേതുവെന്തോർക്കിൽനിൻ-
മദംതകൃതിതന്നെ'യെന്നവനിജാനിചീർത്തോതിനാൻ. ൩൮
പൊന്നാലല്ലോകരുക്കുന്നതുഭുവിഹൃദയം
പൂരുഷർക്കേറെവിത്തം
മുന്നാളേകത്രദർശിച്ചുളവതുപൃഥതൻ-
നാട്ടിലുൾപ്പെട്ടതാവാം
എന്നാലോചിച്ചിളക്കിസ്സ്വപുരമതിലണ-
ച്ചീടവേപാടവാൽഭ്രൂ-
വെന്നാളുംകാന്ത്യകല്യക്ഷിതിപനതുതനി-
ച്ചെന്നുതർക്കിച്ചെതിർത്താൻ. ൩൯
എന്നേമോഹത്തിനുണ്ടാംകരകവിയൽ!പൃഥു-
ക്ഷ്മാധവൻജ്ഞാതിബാലൻ
മുന്നേതാനോമുറസ്സിൽപ്പൃഥിവിമുഴുവനും
വെന്നധന്യാഗ്ര്യനത്രേ
ഇന്നേറെച്ചൊൽവതെന്തിന്നിവമനസിമറ-
ന്നൊക്കയുംശീഘ്രയുദ്ധം
തന്നേകർത്തവ്യമെന്നോർത്തിതുബത!ജയച-
ന്ദ്രാഭിധൻഭൂപതീന്ദ്രൻ. ൪൦
ഒരുപോരുരുഘോരമായ്ത്തുടർന്നാ-
രിരുപേരുംപുരുവീഥ്യന്തരത്തിൽ
ധരപാരമഹോ!കലുങ്ങിവാനിൽ
കരഭോരുക്കളെവേട്ടശൂരരെല്ലാം. ൪൧

Digitized By Kerala Sahitya Akademi

ആയുധത്തിലനല്പമായവിജയം
ന്യായത്തെമുൻനിൎത്തുവാ-
നായിത്തോന്നിയപൃഥ്വിളായുവനൃപ-
ന്നായത്തമായെത്രയും
ശ്രീയെത്തുംജയചന്ദ്രനശ്രുനദിയിൽ
കായത്തെമുക്കിപ്പുരം
ഹ്രീയെത്താൻതലമേൽചുമന്നുനഗരേ
പേയൊത്തുപോയെത്തിപോൽ. ൪൨

ലോകപ്രസിദ്ധമിതുമന്ത്രിയറിഞ്ഞുതന്നേ
നാകപ്രഭുപ്രതിമനാംനൃപനോടുവൈരം
പാകപ്പെടുംപടികഥിച്ചിത,മാത്യനെന്നു-
മേകപ്രമാണമിഹനല്ലതുചൊൽവതല്ലോ. ൪൩

നരവരനുത്തരമായി-
ത്തിരുവുളമവ്വണ്ണമെങ്കിലാകട്ടെ
വരുവതുവരുമതുനീക്കാ-
നൊരുവനുമില്ലെന്നുചൊല്ലിമന്ത്രീന്ദ്രൻ. ൪൪

'ഏതായാലുമമാത്യരേ!വിരവിൽനാം
ശ്രീരാജസൂയാദ്ധ്വരം
വീതായാസലവംകഴിപ്പതിനുറ-
ച്ചീടുന്നു,നാടൊന്നിലും
നേതാവാംനരനിമ്മഖത്തിനണയാ-
താകൊല്ലലോകോല്ലസ-
ൽപ്രീതാവുംമമകന്യകക്കുമതുകാ-
ലത്താകിലുദ്വാഹമാം. ൪൫

Digitized By Kerala Sahitya Akademi

നാനാദേശങ്ങൾക്കാക്കുംനരപതികൾനവീ-
　　നച്ഛ്രവിശ്ശോച്ചവാശ്ശും
സേനാവൃന്ദത്തോടൊന്നിച്ചിഹസദസിലസി
　　ച്ചിടുവാൻവന്നുചേൎന്നാൽ
മാനാതീതപ്രതാപം,മഹിതകല,യശ-
　　സ്സ്,കമാംസൌകമാര്യം
ഭൂനാഥക്കുള്ളമററുള്ളൊരുഗുണഗണവും
　　കന്യകയ്ക്കുണ്ടുകാണാം. ൪൩

നവനീരദനീലവേണിയന്നാ-
ളവനീനാഥരിലാരെവേട്ടിടുന്നു
അവനീമമനാടടക്കിമേല-
ന്നവനീതാംഗിയൊടൊത്തുവാണിടട്ടെ. ൪൪

പാണ്ഡ്യക്ഷ്മാപാലഭാഗ്യോൽക്കരപരിണതിയായ്-
　　പ്പുണ്ടുഭൂഖണ്ഡമൊട്ടു-
ക്കാണ്ടുള്ളോരപ്പുരേതാധിപസുതനെവെടി-
　　ഞ്ഞന്യനിന്നാൾവരെയ്ക്കും
വേണ്ടുംവണ്ണംനടത്താത്തൊരുവിവിധഗുണം
　　ചേരുമീരാജസൂയം-
കൊണ്ടുർവ്വീശക്കുട്ടുംപുതിയൊരുപുകഴും
　　പുണ്യവുംഗണ്യമല്ലാ. ൪൫

മിടുക്കെഴുന്നവനിപരിമ്മഖത്തിനാ-
യടുക്കളപ്പണിമുതലേത്തുവേലയും
എടുക്കണംവിമതരെവന്നുനാമതി-
ന്നൊടുക്കിവെയ്ക്കണ’മിതിഭൂപനോതിനാൻ. ൪൬

Digitized By Kerala Sahitya Akademi

ഗദ്യം:—തദനന്തരമനന്താഭോഗവതിയെങ്കിലുമനാശ്രിതഭുജംഗയും, വസുമതിയെങ്കിലും വസുമതീതിലകവും, യതികൾ പോലെ പുണ്യശ്ലോകാവാസവും നിഗമവിരാജിതയും, ഭൂഭൃൽകടകങ്ങൾ പോലെ സാലവതിയും മണിപൂർണ്ണയും, ഗണികൌഘംപോൽ ക്ഷൌമാലംകൃതയും സമാസേവിതഹംസയും, വാമകളെങ്കിലും ദക്ഷിണകളും നവസുധാഭാരതികളെങ്കിലും വസുധാഭാരതികളുമായ സർവ്വാംഗസുന്ദരികളാൽ സർവ്വദാ ശോഭായമാനയുമായൊരു നഗരി വാരം വാരം മഹാധ്വരസംഭാരങ്ങളാലൊരു നവീനയായ സുഷമയെ ധരിച്ചു.

ഗദ്യം:— അസ്സമയത്തോടുകൂടിത്തന്നെ കാന്യകുബ്ജകുലതന്തുവായി ബലിയായി ദാനവീര്യവിജിതബലിയായി സകലഭൂപാലദത്തബലിയായി സുകവിവാക്കുപോൽ പ്രാസങ്ങളാലും വർഷകാലാഗമനംപോൽ ഘനങ്ങളാലും ശരൽപൌർണ്ണമാസിപോൽ ചന്ദ്രഹാസങ്ങളാലും സന്ധ്യാംബരംപോൽ വിവിധപത്രികളാലും സവിശേഷം സമുല്ലസിക്കും പുന്നാഗപൂർണ്ണകളായ വാഹിനികളോടുകൂടി രത്നാകരമായി വിളങ്ങുന്ന ജയചന്ദ്രൻ തന്നുടെ സുജാതാഭിധയായ കന്യകയ്ക്കു സ്വയംവരോത്സവത്തേയും നടത്തുവാനുദ്യോഗിച്ചു.

അന്നാസ്വയംവരവുമധ്വരവുംകഴിപ്പാൻ
മന്നൻതുടന്നളവിലജ്ഞനവാസവന്മാർ
ഒന്നിച്ചുചേർന്നൊരുവപുസ്സുലഭിച്ചിടാതെ
നിന്ദിച്ചുതങ്ങളെവെറുപ്പൊടുകാമുകന്മാർ. ൨൦
കാരോതരത്തിലളവറ്റമണീഗൃഹങ്ങൾ
നേരോടുതൽപ്പുരിയിലസ്സമയത്തുയർന്നു

Digitized By Kerala Sahitya Akademi

നേരിട്ടോരേപൊഴുതമൎത്ത്യരെവേറെവേറെ
കേറിക്ഷണിപ്പതിനുപോംനൃപദൂതർപോലേ. ൧൫
നാലാശതോറുമമരുംനരപാലകന്മാർ
ബാലാവിവാഹകഥകേട്ടധികംതെളിഞ്ഞു
ചേലാൎന്നതത്സ്തുതികൾജന്മശതേഷുചെയ്ത
വേലാവിലംഘിസുകൃതംഫലമാണ്ടിതപ്പോൾ. ൧൬

സന്ദേശഹാരികൾതദാനഗരങ്ങൾതോറും
ചെന്നേറെവേഗമവനീശ്വരരെക്ഷണിച്ചു
മുന്നേകടന്നുവരണോത്സവവാൎത്തചൊല്ലും
കുന്ദേഷുവിന്നുടനകമ്പടിപോയപോലെ. ൧൭

ആമോദ,മത്തൽപനിനീരിവയെച്ചൊരിഞ്ഞു
ഭൂമൌപുരന്ധ്രികൾവളൎത്തിപരംതദാനീം
പ്രാമാണികത്വമെഴുമപ്പുരിയെക്ഷണത്തിൽ
പൂമാതുതൻപുതിയനാടകശാലയാക്കി. ൧൮

മന്ദേതരംധരണിപാലകർമത്സരായി-
ച്ചെന്നെത്തുവാൻനടതുടൎന്നുമഹാമഖത്തിൽ
മുന്നേകടന്നവിടെയോടിയമാനസത്തെ-
ത്തന്നോടുപിന്നെയുമണപ്പതിനെന്നപോലെ. ൧൯

തള്ളിപ്പുറപ്പെടുമൊരാനൃപപങ്ക്തിതന്റെ
വെള്ളിപ്പതാകകളെയുംഹൃദയങ്ങളേയും
പള്ളിശ്ശരാസമസമേഷുകുലച്ചനേരം
തുള്ളിച്ചിതാശുഗമൊരേസമയത്തുതന്നേ. ൨൦
അത്തന്വിയെപ്പരരെവെന്നുപരിഗ്രഹിപ്പാ-
നെത്തുന്നഭൂപർചതുരംഗബലംനടത്തി

Digitized By Kerala Sahitya Akademi

വിദ്യാധരാദിയിലുമീഷ്യമുഴക്കകൊണ്ടോ
മെത്തും,പൊടിത്തുകലിനാൽഗഗനംമറച്ചു? ൫൭
ഭൂപവ്രജംഗതിതുടൎന്നളവെത്തിടുംമേൽ
സാപത്ന്യമിപ്പുരുഷർവഞ്ചകരൊക്കെയെന്നോ
കോപിച്ചുതൽപ്പുരികളായവർപോംവഴിക്കു
പാപം!പ്രജാവലിയെയൊക്കെയടിച്ചുതള്ളി? ൫൮
ശിഷ്ടംപുരങ്ങൾസുഖമായ്‌വിലസുന്നു,മൎത്ത്യ-
ക്കൂട്ടംചുമപ്പതിനങ്ങാനൊരുങ്ങിക്കമാത്രം
പെട്ടന്നിതോൎത്തുജയചന്ദ്രപുരംകരഞ്ഞോ
ചട്ടററവീഥികൾജലാൎദ്രതയത്രയുണ്ടു? ൫൯
വൎണ്ണിപ്പാനെൻപുറത്തോവലരിപുസഹജൻ
        വാസുദേവന്നുമാകാം?
മുന്നില്ലാതുള്ളമോടിപ്പുതുമമുഴവരും
        ചേൎന്നോരക്കന്യകളും
വിണ്ണിന്നുംവിസ്തൃതശ്രീവിലസുമൊരളകാ-
        പത്തനത്തിന്നുമപ്പോൾ
കുന്നിച്ചോരാഭിജാത്യക്കുറവുപറവതെൻ-
        നാവതിന്നാവതല്ലാ. ൬൦

ഗദ്യം:— അവ്വണ്ണം ജയചന്ദ്രചക്രവൎത്തിയുടെ രാജധാനിയിൽ ഗാന്ധാര, കാംബോജ, സൌവീര, മാഗധ, പുണ്ഡ്ര, കലിംഗ, മാളവ, കുന്തള, കൊങ്കണ, മഹാരാഷ്ട്ര, ചോള, കേരള, ചേര, പാഞ്ചാല, ഭേജാന്ധ്രശ്മ, കാരട്ടാ, വന്ത്യാ, നത്ത, വംഗ, ഗ, കാമരൂപപ്രമുഖങ്ങളായ ജനപദങ്ങളിലെ മഹാരാജക്കന്മാർ സപരിവാരം ചെന്നുചേൎന്നപ്പോൾ



Digitized By Kerala Sahitya Akademi

അവരവരെയവൎക്കുള്ളാഭിജാത്യത്തിനൊപ്പം
ന്നവരനുപചരിപ്പാൻചെന്നുതാൻതന്നെശീഘ്രം
ഭവനമതിലൊരാളെത്താൻക്ഷണിച്ചാൽമനീഷി
ഷ്കൂവനത്തുവെടിവോളംഭൂമിയിൽസ്വാമിയത്രേ. ൱൧

മനസാ ചിലരുംമനസ്സുകേടിൻ-
മുനതേഞ്ഞററുകൊണ്ടുമററുപേരും
ജനനാഥഗൃഹത്തിലെത്തിമേന്മേൽ
വിനയാനന്ദഭയാന്വിതംവിളങ്ങീ. ൱൨

തൎക്കിച്ചീടാതെദാസ്യംധരണിപതികൾചെ-
ന്നീവിധംചെയ്യതെല്ലാം
നോക്കിസ്സംഭ്രംപിചണ്ഡത്തെയു,മജതനയൻ
വൈണികൻകണ്ണിനേയും,
സ്വൎഗ്ഗസ്ത്രീകൊങ്കയേയും,പ്രമഥസമുദയം
ജിഹ്വയേയും,നൃപാല-
ന്നൊക്കുംസൈന്യംപ്രവേഷ്ടത്തെയുമൊരുപൊഴുതേ
ഹന്ത!നിന്ദിച്ചുനിന്നു. ൱൩

സൎവ്വക്ഷ്മാപതികളുംപരിപന്ഥിചക്ര-
ദുൎവ്വീക്ഷ്യനായജയചന്ദ്രനുദാസരായി
ഗൎവ്വക്ഷയത്തൊടുവസിപ്പതുകണ്ടുരണ്ടാം
പൎവ്വക്ഷപേശനവനാന്നതിപ്രസാദം. ൱൪

തന്നെക്കൈക്കുപ്പിമേവുംധരണിപതികളോ-
ടൊത്തുമദ്ധ്യേസമാജം
മന്നന്മാർമൌലിമാലാമഹിതമണിമനോ-
ജ്ഞാസനാവാസനായി

Digitized By Kerala Sahitya Akademi

പൂൎണ്ണാനന്ദംവിളങ്ങുന്നളവുത്തുരഗവേ-
ഗത്തിനാൽഗന്ധവാഹൻ-
തന്നെക്കാൾകീഴമക്കുന്നൊരുതരുണപുമാൻ
സന്നിധൌവന്നുചേൎന്നു. ൱൬
ആരിതെത്തിടുവതെന്നശങ്കയ-
ബ്ഭാരതത്രിദശനാഥർകൊള്ളവെ
വാരിദസ്തനിതഗൎവ്വടക്കിടും
ഗീരിതിത്തരമുരച്ചുദൂതനും: ൱൭
'കൎപ്പൂരദേവീസോമേശക്ഷ്മാഭൃത്തനനഘൻപൃഥ
ഉൾപ്പൂവിൽഭൂപ!കരുതിതൽഭൃതിയിതുചൊല്ലിനാൻ. ൱൮
പണ്ടാരുംതന്നെനേടാത്തൊരുപരമയശോ-
ലക്ഷ്മിയിൽകാംക്ഷയെത്തി-
ക്കൊണ്ടാലെല്ലാംകഴിഞ്ഞെന്നായിവിപുലമനോ-
രാജ്യസച്ചക്രവൎത്തിൻ!
ഉണ്ടാകൊല്ലേത്തുമുള്ളിൽ,ശിശുശശികലയെ-
പ്പാമവാനോമലാളെ-
ച്ചണ്ഡാലൻദിവ്യസാവിത്രിയെയുമിളയിൽനീ
വ്വണ്ടതായ്കണ്ടതുണ്ടോ? ൱൯
ഞാനേകനല്ലതുവിലക്ഷവതിന്നുരാജ-
സ്ഥാനേശനാംസമരസിംഹനുമുണ്ടതോൎത്താൽ
മാനേഹതെല്ലിനിയുമങ്ങുഭവിക്കുകിൽപോർ
താനേതുകൊണ്ടുമയിവേണ്ടതുനമ്മൾതമ്മിൽ. ൱൰
അതിന്നുമുമ്പെങ്ങിനെസാൎവ്വഭൌമ-
പദംനിനക്കായതുകൊണ്ടിദാനീം

Digitized By Kerala Sahitya Akademi

തപ്പുന്ന തിസ്ഥത്തമമാർഗ്ഗമോർത്തു
രഥംനടത്തിസ്സുരണാങ്കണത്തിൽ.’
കാളുന്നതീയുടയകണ്ണോട്ടുകൾക്കിതന്നെ-
ക്കാളുന്നിറഞ്ഞകടുരുട്ടുകതാരിലേറി
ആളൊന്നുമാറിയധരംമുറുകെക്കടിച്ചു
ച്ചീളെന്നുദ്ധതനൊടുഭൂപനമിത്ഥമോതി:
‘ഹാ!ധിക്കാലംമറഞ്ഞാലതിനുമൊരതിരി-
ല്ലെന്നതോ?മന്നിൽനേത്ര-
വ്യാധിസ്സ്വാവാസമിപ്പോൾക്ഷിതിപകിതവരോ?
വൃദ്ധനാംശ്രാദ്ധദേവൻ
ആധിസ്സാകാതെമർത്ത്യക്കിവിടെവലകയോ?
ചെന്നുചെന്നെല്ലുകേറി-
ബ്ബാധിസ്സംററായിതല്ലോമുസലമതിനെയും
ഭൂമിയീമട്ടുമായോ?
പണ്ടയ്യോ!ബാലനെന്നോർത്തയിഹൃദയ!ഭവാ-
നാർദ്രനായ്ത്തീർന്നമൂലം
വെന്തല്ലോരുട്ടിലിപ്പോൾസുദൃഢമൊരുകുഴി-
സ്സ്വോന്നുപോൽകുന്നുഭൂമൌ
ദണ്ഡംവേണ്ടാട്ടെദേവേന്ദ്രനൊടിവർവരികിൽ
തക്കസൽക്കാരമേകാൻ
വേണ്ടുംവണ്ണംനിയോഗിച്ചിട്ടുക ചിറകസൃ-
ക്കൾക്കുമേൽഖഡ്ഗമേകും.
വേഗംപൊയ്ക്കൊൾകദൂതാധമ!യമനയനം
കാട്ടിനീനിൽക്കിലാമൃ-

Digitized By Kerala Sahitya Akademi

കൌതൂഹലംപത്രാംഗമോമൽക്കളഭമേവപെട്ടം
ധാത്രിയാലാത്തരാഗം
മൈകൊണ്ടാശ്ലിഷ്ടനായ്ക്കണ്ണിണയുമടയവേ
സംസ്ഥിതൻസ്വാമിതൻസ്ത്രീ-
ലോകത്തിൻബാഷ്പൌഘത്തിനുമറുകരനീ
ചെൽകിലുംകാൺകയില്ലാ.’ ൧൪
ദൂതൻഗമിച്ചളവുഗ്രപവചസ്സിനാൽതൻ-
മാതംഗവാജിരഥയോധകുലംനടത്താൻ
ആതങ്കമററരികിൽവാഴമനീകിനീശ-
വ്രാതംകടന്നുകരളിൽകവിയുന്നകോപാൽ. ൧൫
ഇത്ഥമഭിക്രമമതിനുസ-
മുദ്യമമിയലുന്നഭൂപസൈന്യത്തെ
പാൎത്തുമനസ്സിൽഭീതിയോ-
ടുത്തമനാംതൽപുരോഹിതൻചൊന്നാൻ: ൧൬
‘നാലേനാളുള്ളയാഗത്തിനുനരവരരോ
നാഥ!നിൻനാട്ടുതേടി-
ച്ചാലേവന്നെത്തി,കന്യാപരിണയവുമിനി-
ക്കാൽക്ഷണംനിൽക്കയില്ലാ
മാലേകംയുദ്ധമാക്കും,മഖമതിനിതുപോൽ
മംഗളത്തിങ്ങളൊന്നി-
ക്കാലേമററില്ലതാനും,സപദിസമിതിയോ
കാൎയ്യമെന്നാൎയ്യബുദ്ധേ! ൧൭
മററിപ്പോളൊരുകാൎയ്യമെന്തു?ദുരിതം
പേൎത്തുംമൂൎത്തംകുറെ-

Digitized By Kerala Sahitya Akademi

ത്തെററിപ്പോകിൽവരാം,രിപുപ്രതിമവെ-
ച്ചീരാജസൂയാധ്വരം
മുററിപ്പിച്ചുമുറയ്ക്കുപിന്നെമുഴതി-
ക്കംകൊത്തസല്ക്കീർത്തിയിൽ
പററിപ്പാർത്തകറുപ്പുകത്താനടിയിൽ
ക്ഷാളിയ്ക്കലീലയ്ക്കുനീ.’ ൨൭

അത്യസമുചിതമെന്നമാത്യരുംഭൂ-
പതികളുമോതുവതോർത്തു ചക്രവർത്തി
മതിയിലതുലമാംവിഷാദമുൾക്കൊ-
ണ്ടതിനൊരുമട്ടിലനുജ്ഞനൽകിവാണാൻ. ൨൮

ഗദ്യം:— അനന്തരമഭിമന്യുബാലനാകുമദ്ധരിത്രീശതമന്യു ഗതമന്യുവായാ മഹിതമന്യു സമാരംഭിയ്ക്കുന്നതിനന്യൂനവാഞ്ഛര തഞ്ചിത്തത്തിൽ തഞ്ചുകയാൽ പരിസരപ്രാപ്തരായ നൃപരെ വിരവിലോരോ പരിചാരകപ്രവൃത്തിയ്ക്കു യഥോചിതം നിയോഗിച്ചൊടുവിൽ പടുവില്ലാളിയും തടവില്ലാത്ത യശഃപ്രവാഹശോഭിതനുമായ ഭൂതൽകുലാഗ്രണി പൃഥ വിപക്ഷനെന്നു കരുതിയതുച്ഛദീപ്തിയാമവനുടെ ധർമ്മപ്രതിഘദത്തെ സർവ്വകർമ്മങ്ങളിലും ക്ഷത്രിയരാൽ നിന്ദ്യതമമായി പരിഗണിയ്ക്കപ്പെടുന്ന സഭാദ്വാരപാലകസ്ഥാനത്തിങ്കൽ വിനിവേശിപ്പിച്ചു.

തന്നോമൽപ്രാണനാഥൻസദസിവരികയി-
ല്ലന്യനായ്ത്തന്നെനൽകും
മന്നോർമുഖ്യൻതദീയപ്രതിമയെനടകാ-
വൽക്കശീഘ്രംനിറുത്തീ

Digitized By Kerala Sahitya Akademi

എന്നോൎത്തൂംവിഷാദാൽപ്രിയനൊടണവതി-
　　ന്നെന്നപോൽകണ്ണുനീരാൽ
കുന്നോടൊക്കുംകുചങ്ങൾക്കിളിനവമണിഹാ-
　　രങ്ങൾതന്വംഗിചേൎത്താൾ. വൃ൦

കാമൻതൻവില്ലു ചില്ലിക്കൊടിയിലരിശ്മാ-
　　ണ്ടമ്പുടൻപെയ്യിതൂൾ,ച്ചേ-
ന്നാമന്നർകാമനെന്നോൎത്തകതളിരെരിവാൻ
　　ശംഭുതീക്കൺമിഴിച്ചു
സോമൻനീർകജ്ജളേചേന്നതുമനസിനിന-
　　ച്ചാൎത്തിപോയ്പാൎത്തു,പെണ്ണി-
ന്നോമൽപോർകൊങ്കയെപ്പോൽവിധിയുടെമനവും
　　പൂൎണ്ണകാഠിന്യമാൎന്നു. വൃ൧

ഹാവിഷ്ടപേശ!ഭഗവൻ!ഹൃദയാൎത്തിയാൽതെ-
ല്ലാവിഷ്ടയാകിലടിയന്നവലംബമില്ലേ
നീവിട്ടുനിൽക്കവഴിയൊന്നഗതിക്കുവണ്ണം
വാവിട്ടുതന്നെമുറയിട്ടുവരാംഗിയപ്പോൾ. വൃ൨

അതുകേട്ടൊരുതോഴിചൊല്ലിനാൾ:
‘ഗതികെട്ടിങ്ങിനെഖേദിയായ്ക്കനീ
മതികെട്ടയുവക്ഷമേശനെ-
സ്സതി!കിട്ടുംതവകാന്തനായ്ക്ഷണം.’ വൃ൩

‘പേൎത്തുംഞാൻചെയ്തപാപംപ്രിയസഖി!പെരുതി-
　　ന്നേവമെൻജീവനാഥൻ
ധൂൎത്തല്ലെന്നെത്ത്യജിച്ചാൻദ്രുതമവനി,തര-
　　ന്നപ്പൂരംനിശ്വസിച്ചു

Digitized By Kerala Sahitya Akademi

ഋദ്ധാപോൽരണ്ടുപേക്കും, ഋദ്ധിവളരുമാതോ
ദുഃഖമേവക്കു, മെന്തി-
ന്നിത്ഥം ഞാൻവാഴ്ത്തെ, ല്ലാമിവളുടെവഴിയാ-
യെന്നതുംവന്നിതല്ലോ. വൃ ൪

കാരാഗാരാഗ്ഗുഢസഞ്ചാരികളുടിതരസം
ധന്യയാംനിന്നെയല്ലോ
ധീരോദാത്തൻനിരൂപിപ്പതുകരുണതരി-
മ്പില്ലയോ ചൊല്ലിയാലും
ക്രൂരോദ്ദേവകേഥിഷ്കുന്നളവൊരുമൊഴിയും
വ്രീളയാലൊട്ടിരോതാ-
ഞ്ഞ ദോമൽക്കാന്തനെന്നിൽ പെരുതരിശമിയ-
ന്നീവിധം ചെയ്യുതാമോ? വൃ ൫

ഏതായാലുംതടന്തൃഗ്ഗ്തമറിവതിനു-
ണ്ടാശ, കാശാവടാത-
ശ്രീതാവുംകീർത്തിതിങ്ങുന്നുപവനിവളെ-
ത്തള്ളിപ്പാറുള്ളവന്നാൽ
മാതാവുംതാതനാമൽസഖികളുമകലെ-
പ്പോമൊഴിപ്പിമസ്ക്കായ്
ധാതാവെച്ചീത്തചൊല്ലിദ്ധായിൽമുറയിടൊ-
ല്ലൊക്കെമൽക്കൻമതല്ലോ. വൃ ൬

ഏന്നിത്ഥംമാത്രമില്ലമാൻമിഴിയെത്തടുത്തു
പിന്നെത്തൊട്ടുപലതുംപ്രിയവാക്കചൊന്നാൻ
പിന്നെത്തൊഴില്ലവാദമെന്നുമെരിഞ്ഞിടുന്നു
[illegible] ലസേകം. വൃ ൭

Digitized By Kerala Sahitya Akademi

അന്നേരമത്തരുണിതൻസവിധത്തിലെത്തി
മന്ദേതരംസുമതിയാംസചിവപ്രമാണി
മുന്നേറുപന്നവളിൽവാഴ്ക്കുമൊരാശയെല്ലാം
ചൊന്നേറിട്ടന്നൊരഴലൊട്ടുകുറച്ചുകൊണ്ടാൻ. വൃ വൃ

ഗദ്യം:— തദനന്തരവും ദുരന്തചിന്താസന്തതിയാൽ നിരന്തരാക്രാന്തഹൃദന്തയായ സുന്ദരീവൃന്ദകുന്തളാലങ്കാര സുജാത ജാതവേദസ്സിൽ ജാതപാതമായ ജാതീലതാപോതം പോലെ വാടി പ്രാദുർഭൂതമാം പ്രഭൂതഖേദത്തെ നിയന്ത്രിതമാക്കുവാനസമർത്ഥയായി പ്രാണനാഥനു തന്നോടുള്ളനുരാഗത്തിലും സന്ദേഹംപൂണ്ടൊരു സന്ദേശപത്രമെഴുതിസ്സുദതിനാമധേയയായ തന്നുടെ സഖീമുഖ്യയുടെ കരതലത്തിൽ നിക്ഷേപിച്ചു.

'സ്വാമിൻ!മൽപ്രാണ—വേണ്ടെന്തിനുമതിധരണീ-
നാഥ!ചേതസ്സശേഷം
നീമുന്നംകട്ടഭീതിത്രപകളകലെയായ്-
ക്കൊണ്ടദ്ദൈവഭ്രമാ
കാമംത്വദ്വേഷണന്മാർക്കധിപതിജയ-
ചന്ദ്രൻറസന്താനമെന്നാ-
യീമുഗ്ദ്ധസ്ത്രീയെനീയോർക്കുകസുകൃതികലം-
ചാർത്തുമൂർത്തം സമൂർത്തേ! വൃൻ
പണ്ടെന്നെത്തന്നെവേൾക്കുന്നതുമനമതിൽമ-
റ്റില്ലനല്ലാരിവണ്ണം
ഖണ്ഡിച്ചോതി,ക്കഠോരക്രിയജനകനുറ-
ക്കുന്നൊരിന്നാളിൽമൌനം



Digitized By Kerala Sahitya Akademi

പ്പുണ്ടെന്തയ്യോ!വസിയ്ക്കുന്നതുപുരുകരുണാ-
        പീഡമേ!പീഡമേന്മേൽ
ഖണ്ഡിപ്പിയ്ക്കുന്നദൈവാഹിതയഗതിയഹം
        ദൈന്യമെന്നോടുവേണ്ടേ? ൩൦
ഹേരാജശേഖര!ഭവാൻബത!ഭ്രതിഭ്രഷ്ടൻ
സർവ്വജ്ഞനി,ഞാനബലബാലികഭീരുവാംഞാൻ’
കന്ദർപ്പനോവിഷമബാണനിതൊക്കെയോർത്തു
കാലോചിതംകരുണയാകരണീയമെന്നിൽ. ൩൧
എന്നേവമന്നേണചലാക്ഷിനൽകിടും
സന്ദേശമാംപ്രാഭൃതകംസഖീമണി
മന്ദേതരംമാനവനാഥസന്നിധൌ
ചെന്നേറെമോദത്തൊടുകാഴ്ചവെച്ചതേ. ൩൨
വാഴ്ത്താമോവാങ്ങിവായിച്ചളവതുവസുധാ-
        വല്ലഭന്നുള്ളിൽവാച്ചോ-
രത്യാനന്ദംഹതാശൻമദനനതിനിട-
        യ്ക്കന്നൃപൻതൻവപുസ്സിൽ
പൊൽത്താരമ്പെയ്തതിന്നില്ലറുതി,പൊറുതികെ-
        ട്ടില്ലിനിത്തെല്ലിനിയ്ക്കെ-
ന്നോർത്താപ്പുണ്യാബ്ധിചിന്നീടുപചിതകുതുകം
        ദൂതിയോടോതിയേവം: ൩൩
‘ഭദ്രേ!ഭാവിപ്പതെന്തിപ്പരിഭവമിവനിൽ?
        പണ്ടുനാംരണ്ടുപേരും
ചിത്തേചിന്തിച്ചതല്ലോചിരമിതു, ചിലനാൾ
        കള്ളിലീയല്ലലെല്ലാം

Digitized By Kerala Sahitya Akademi

തീൎത്തകംദിവ്യസൌഖ്യംത്രിഭുവനപതിയെ-
　　ന്നോൎത്തുനീഹ്ലത്തിൽനിത്യം
മുന്നേതലുംകൊങ്കമാർതൻമകുടതടമണേ!
　　വാഴ്കമാഴ്കാതെതന്നേ. ൯൪
മാനത്തെക്കാത്തുരക്ഷിയ്ക്കുകമഹിയിൽമനു-
　　ഷ്യൎക്കുമുഖ്യം,നരേന്ദ്ര-
ശ്രേണിയ്ക്കോചൊൽവതിന്നില്ലതു;തവജനകൻ
　　താനുമീഞാനുമായി
വേണംയുദ്ധംവിചാരിയ്ക്കുകിൽവിധിവിപരീ-
　　തത്തിലാണത്തലേത്തും
നീനിന്നാൾത്തട്ടിൽവയ്ക്കേണ്ടമരുകവിടെഞാൻ
　　വന്നുചേരുന്നതോളം.' ൯൫
എന്നിത്ഥമോതിടുകനിൻസഖിയോടുചെന്നു
മന്ദിച്ചിടാതെമറിമാൻമിഴി!ധൈൎയ്യമല്ലോ
മന്നിൽജനത്തിനവലംബമിവണ്ണമെല്ലാം
ചൊന്നായവൾക്കുവിടനൽകിനരാധിനാഥൻ. ൯൬
നരനായകനോതിയഭാരതിയും
പരനാംജനകൻെറമനോഗതവും
അരുണാധരിയെപ്രമദവ്യസനാ-
വരണദ്വയമദ്ധ്യഗയാക്കിയലം. ൯൭
തമ്മിൽകാണാതെപോലുംതരുണതരുണിമാ-
　　ൎക്കിത്തരംചിത്തരംഗ-
ത്തിന്മേൽകാമംതഴപ്പിപ്പൊരുകുസുമശര-
　　ന്നപ്പയോതൊല്ലയെല്ലാം?

Digitized By Kerala Sahitya Akademi

തന്മൌൎയ്യത്താലതാകെത്തടവതിനുതരം-
　　പാൎത്തുവിദ്വേഷവപ്രം
നിൎമ്മിക്കുംനീരസശ്രീനിറയുമൊരുവിധി-
　　ക്കല്ലയോനല്ലയോഗം? ൯൮
അതിനിടയിൽനയജ്ഞൻയജ്ഞകൎമ്മത്തിനായാ-
ക്ഷിതിപതിപലമട്ടുംകൂട്ടിനാൻവട്ടമേററം
മതിയിലതുമതിൽപിന്നെത്തുമുദ്ബാഹവുംതൽ-
പ്രഥിതസഭയിൽവാഗ്ഗ്വാരോൎത്തുപേൎത്തുംതെളിഞ്ഞാർ-
ഇന്ദ്രപ്രസ്ഥേശനില്ലിസ്സഭയിലിനിയിവൾ-
　　ക്കെന്നെവിട്ടന്യവീരൻ-
തന്നെപ്രാൎത്ഥിപ്പതിന്നിദ്ധരയിൽവഴിയുമി-
　　ല്ലെന്റെഭാഗ്യംതഴച്ചു
ഒന്നിപ്പെൺകട്ടിയെന്നിൽകനിയുകിൽമതിഞാൻ
　　ധന്യനെന്നേവമേരോ-
ന്നാപ്പൃത്ഥ്വീശരോൎത്തോൎത്തകമിളകിമനോ-
　　രാജ്യസാമ്രാജ്യമാണ്ടാർ. ൧൦൦
അന്നാലുനാളുമൊരുനാലുയുഗങ്ങൾപോൽഭൂ-
വൃന്ദാരകേന്ദ്രർവിഷമിച്ചുകഴിച്ചുകൂട്ടി
എന്നാൽതദീയനയനാംബുവിനാലിളക്കു
പിന്നാൽവരുംപ്രളയമായവരോൎത്തതില്ല. ൧൦൧
പിറേറന്നാളൎക്കനൻപോട്ടുദയഗിരിയെയും,
　　കാമുകാമോദപൂരം
തെററന്നുച്ചത്തിനേയും,കദനമതനുവായ്-
　　ക്കന്യതന്നുള്ളിനേയും,

Digitized By Kerala Sahitya Akademi

മററുംമാരേഷു ചാപത്തെയു,മഥജയ ച-
ന്ദ്രാഭിധക്ഷ്മാപതീന്ദ്രൻ
കററംതീൎന്നുള്ളപീഠത്തെയുമുടനധിരോ-
ഹിച്ചുപോലിട്ടുപോലേ. ൧൦൨

ഗദ്യം:— ആ ശ്രേഷ്ഠതമയായ ഗോഷ്ഠിയിൽ സാൎവ്വഭൌമപ-
ദമെവ്വ്മോദാന്വിതനായ് പ്രാപിച്ച ജയചന്ദ്രന്റെ പുരോഭാഗ
ത്തിലിരുവരിയായ് നിരത്തിവെക്കപ്പെട്ടിരുന്ന കട്ടിപ്പൊന്നാൽ
നിൎമ്മിതങ്ങളും നവരത്നഖചിതങ്ങളാകയാലൈന്ദ്രചാപങ്ങള
ല്ലെന്നാകൃതികൊണ്ടുമാത്രമനുമേയങ്ങളും കാന്യകുബ്ജചക്രവൎത്തി
യുടെ ഭുജപ്രതാപപ്രതിബിംബങ്ങളെന്നു തോന്നുമാറു ജ്വലിക്കുന്ന
വയുമാം മഹാസിംഹാസനങ്ങളിലന്നുവരെ റാടന്നായാഗത്തിലി
ലവെച്ചവരുമെച്ചിലെടുത്തവരും കറിക്കു നുറുക്കിയവരും പാത്രം
തേച്ചവരും പാചകന്മാരും പരിചാരകന്മാരും മററുമായ് കാല
യാപനം ചെയ്ത രാജാന്ന്യരെന്നു പറയേണ്ടുന്ന രാജാന്ന്യർ ഞെളി
ഞ്ഞു കയറി ഞാൻ ഞാൻ സാമ്രാട്ടിന്റെ സന്താനത്തിന്നനുരൂ
പവരനെന്നു ചിന്തിച്ചു ഹന്ത! ചെന്താർശരന്നു വശംവദമായ
ഹൃദയത്തോടും വസിക്കുമ്പോൾ

ഓരോദ്ഭൂഷാവിശേഷത്തിനുമൊരുപൊഴുതേ
ജന്മസാഫല്യമേകി-
ക്കൂറോടോമൽപ്പൂത്തുത്തേനൊഴുകിനവരണ-
സ്രക്കിനെക്കയ്യിലേന്തി
ക്ഷീരോദനാൽസുതസ്സംലാലിമയകമതിൽ
ചേൎത്തുവിദ്യുത്തൊടൊപ്പം

Digitized By Kerala Sahitya Akademi

താരോട്ടംകണ്ണിചെന്നാൾസദസിസഖിയൊടൊ-
    ത്തമ്മഹാസന്മുഹൂർത്ത. ൧൦൩
മാനംചേരുന്നമല്ലീശരമഹിതജയ-
    സ്തംഭശൃംഗൽപതാകാ-
സ്ഥാനംകൈക്കൊണ്ടുദൃഷ്ടിസ്സുമൃതമഴപൊഴി-
    ക്കുന്നൊരത്തന്വിയാളെ
ആനന്ദാംഭോധിവീചീകലവികളിലനേ-
    കായിരംമജ്ജനംചെ-
യ്താനംഗാസ്ത്രാർത്തരാകുംനൃപർമിഴികളിരെ-
    കണ്ടുകൊണ്ടാടിനിന്നാർ. ൧൦൪
കാറിന്നുൾച്ചേർന്നുമിന്നലു,മിരുളിനിട-
    ക്കുല്ലസിക്കുംവിളക്കും
പാരിൽപശ്ചായമാംമട്ടുവിശദവസനം
    ചാരുചേരുംശരീരം
ചേരിസ്സർവ്വാംഗസൗന്ദര്യമൊടവിടെവരും
    പെൺകുലത്തിൻകലാപം
പോരിന്നൊററയ്ക്കുകാമന്നഖിലരൊടുമഹോ!
    തദ്ദിനംശക്തിനൽകീ. ൧൦൫
മാനംമേ,ഭൂതലംമേ,വരതനുരുചിമേ,
    കീർത്തിമേ,നൽസ്സുഖംമേ
ജ്ഞാനംമേ,വിക്രമംമേ,തരുണപദവിമേ,
    സാഹിതീകൌശലംമേ,
ഗാനംമേ,സൽഗുണംമേ,ഭുജബലമതുമേ,
    സൽകുലംമേ,ധനംമേ,

Digitized By Kerala Sahitya Akademi

നൂനംമേസൎവ്വമിത്ഥംനൃപരജനിരപോ-
ലഞ്ഞു'മേമേ'കരഞ്ഞാർ. ൱൬
ഇതുപടിനൃപരെല്ലാംവാഴവേതോഴിവേഗാ-
ലതുലമഹിമകോലുംസാൎവഭൌമാജ്ഞമൂലം
പുതുമധുവൊടെതുക്കുംവാണിയിൽപാണിനീട്ടി-
ച്ചതുരതരമുരച്ചാൾധന്യയാംകന്യയോടായ്: ൱൭
'വാണീകാന്തൻറപാണിക്കൊരുപുതുവിരുതേ!
വാർമുടിത്തയ്യലാളേ!
താണീടാനെന്തുവക്ത്രാംബുജ,മതിൽനയനാം-
ഭസ്സിനുംബന്ധമെന്തേ?
കാണിക്കു`ഭൂൽഗണത്തെ,ശ്ശരദൃതുവിൽവരും
പൂർണ്ണിമാവാസരത്തിൽ
കാണിക്കുംകാറിനുണ്ടോപഴുതി,രുളിനിരി-
പ്പെന്നുമദ്ധ്യാഹ്നമായാൽ? ൱൮
മുന്നാളെന്നോവിദർഭ്രപദനൃപതിമാർ
കന്യകൾക്കായ്നടത്തി-
പ്പിന്നാളാരുംനടത്താത്തൊരുപരിണയമി-
ബ്ഭൂമിതൻസ്വാമിതിണ്ണം
ഇന്നാരാൽതൻസുതക്കുംവരുവതിനുനിന-
ക്കുന്നുമുന്നൂറിനുംമേൽ
മന്നാളുന്നോരുമുണ്ടിസ്സഭയിലതിൽവരി-
ച്ചാലുമിപ്പോളൊരാളേ. ൱൯
ശൃംഗാരശ്രീകളിക്കുംകനകസദനമേ!
തിണ്ണമിപ്പുണ്യവാൻതാൻ

Digitized By Kerala Sahitya Akademi

യംഗാധീശൻ,വരിഷ്ഠാകൃതിഹരിഹയദി-
ങ്മണ്ഡലാഖണ്ഡലാഗ്ര്യൻ
ഗംഗാകാരുണ്യമേകുന്നൊരുഹരിതനിചോ-
ളത്തെനിത്യംധരിക്കും
ത്തുംഗാഭോഗംതദീയംവിഷയമവിഷയം
വാക്കിനെന്നോക്കണംനീ. ൧൧൦
അവനരികിൽവസിപ്പോനംഗഭൂപൻഗുണാഢ്യൻ
കവനകുശലനെന്നല്ലംഗമോത്താലനംഗൻ
അവനിൽമമതയെങ്കിൽത്തുണ്ണമലന്യനെത്താ-
നവനിപതിതനൂജ!മാലയിട്ടാലുമിപ്പോൾ. ൧൧൧
പിന്നെക്കാണുകകാമരൂപനൊരുവൻ
നിന്നോടുചേൎന്നീടുവോൻ
മന്നിൽകാമിനി!കാമരൂപപതിതാൻ
ചൊല്ലേറുമിപ്പുണ്യവാൻ
മന്ദിക്കാതിവനെഗ്രഹിക്കുകിൽനിന-
ക്കാബ്രഹ്മപുത്രക്കകം
കണ്ണാൽക്കാറണിവേണി!വാരിവിഹൃതി-
ക്കായ്ക്കൊണ്ടുപോയ്ക്കൊണ്ടിടാം. ൧൧൨
അല്ലെന്നാൽകാണ്കമദ്രാധിപനരികിലിരി-
ക്കുന്നതിധന്യനല്ലോ
വില്ലാളിശ്രേഷ്ഠവീരക്കണിമണിയിവനായ്-
ച്ചേരുകിൽ ചാരുഗാത്രി!
ചൊല്ലാംനിൻകൊങ്കയാലുംതവകണവനെഴും
നിശ്ചലത്വത്തിനാലും

Digitized By Kerala Sahitya Akademi

തുല്യംനാണിച്ചകന്നിൻനിരയുടെകുഥരൌ-
        ഘത്തിൽനിത്യംരമിയ്ക്കാം. ൧൧൬
പോരെങ്കിൽകാണതിന്നപ്പുറമൊരുപുരുഷൻ
        കാശിതന്നീശിതാവാ-
സ്സാരൻകാമാരിയെച്ചേർത്തകമലരിൽവിഭ്ര-
        തിയ്ക്കുനൽഗ്ഗേഹമായാൻ
നീരിങ്കിൽശൈത്യമെത്താപടിയിഹപരമീ-
        രണ്ടിലുംഭൂരിസൌഖ്യം
ചേരുംകല്യാണി!മേന്മേലവിടെമരുവിട്ട-
        ന്നോരിൽനേരാണിതെല്ലാം. ൧൧൭
കിഴക്കാളുംഭൂപക്കതളിർപറിപ്പാൻകരബലം
കഴക്കാണെന്നാൽകേഠംനരപതികലിംഗാധിപനിവൻ
പുഴക്കാന്തൻനൽകുംപുരുവിഭവമൊത്തുള്ളപുരുഷൻ
മഴക്കാർകൈക്കൂപ്പുംകുഴലി!മടിയോമാലയിടുവാൻ? ൧൧൮
ഏണീവിലോലമിഴി!തത്സവിധത്തിലാന്ധ്ര-
ക്ഷോണീശ്വരൻമരുവിടുന്നമഹാകുലീനൻ
വാണീമമാധരണിമാക്സപത്നിയായ്നീ
വാണീടുമിപ്പുരുഷനെപ്പതിയായ്വരിച്ചാൽ. ൧൧൯
അവന്നരികിൽവാഴ്വോനസിതചൂളി!ചോളക്ഷമാ-
ധവൻനഗതനൂജയെത്തൊഴുതുവാച്ചവിത്താത്തനാൽ
കവന്ധധനദന്നെഴുംപദവി,യക്ഷരാട്ടോക്കിൽ
ശിവന്നടിമ,നാരിതാൻനരനിലുംബലംവാച്ചവഠം. ൧൨൦
കണ്ടാലുംതത്സമീപത്തപരനെയവനാ-
        പ്പാണ്ഡ്യഭൂമണ്ഡലേശൻ



Digitized By Kerala Sahitya Akademi

കൊണ്ടാടിസ്സിന്ധുമീനാക്ഷികളിരുതരമാം
 മുത്തുപേർത്തുംകൊടുപ്പോൻ
വണ്ടാർവ്വേണി! നൂനംമധുരകഥാപുരിയും
 വാക്കുമിക്കുംഭിനീട്ടൽ
കണ്ണാലങ്കാരരത്നത്തിനു,കരകമലം
 ശ്രീകരംസ്വീകരിക്കു. ൧൧൮
ആവിപ്രക്ഷത്രിയൻനൽത്രിദിവമൊരുദിനം
 ബാഹുജബ്രാഹ്മണൻപോൽ
ഭൂവിന്നുംകേരളാഖ്യാന്വിതമരുളിയതിൻ
 നാഥനിൽപ്രീതിയെന്നാൽ
ഹേ! വിദ്യുൽഗാത്രി! കൈക്കൊള്ളുക ഗജനിരനിൻ-
 യാനവുംകേശമാംപൂ-
ങ്കാവിൽതങ്ങുന്നതെക്കൻപവനനതിലെഴും
 ഗന്ധവുംപൂണ്ടിടട്ടെ. ൧൧൯
നീകാണപ്പുറമുല്ലസിപ്പതൊരുവൻ
 വീരൻമഹാരാഷ്ട്ര-
നാകാധീശനവൻധനുസ്സെയ്യുമതിൻ
 ബാണംപരന്മാരെയും
ഹേ! കാദംബിനിതോററവേണി! യുഗപ-
 ത്തായ്ത്താൻകലച്ചെയ്യവേ
രാകാചന്ദ്രവളക്ഷകീർത്തിവധുപോയ്
 തൽക്കാന്തയായ്ക്കൊണ്ടുതേ. ൧൨൦
ഇച്ഛാലേശംനിനക്കില്ലിതിലൊരുവനിലും
 തിണ്ണമെന്നാൽകഥിപ്പൻ

Digitized By Kerala Sahitya Akademi

പശ്ചാൽദിക്കത്തട്ടുകാക്കുംനൃപരുടെ ചരിതം
        പാൽമൊഴിത്തയ്യലാളേ!
ഇച്ചാതുര്യംകളിച്ചീടിനമണിസദനം
        ഗുജ്ജരജ്യാമണാളൻ
ഏച്ചാഞ്ചല്യംവിശാഖപ്രമുഖരിലുമുയ-
        ൎന്നൊരുക്കാന്നവീരൻ. ൧൨൧
ധാരാധവൻസഭയിൽവാഴ്ത്തുകാങ്കസൎവ്വ-
ജ്ഞാരാധനത്തിനിരുമട്ടുമതിന്നിടുന്നോൻ
ധാരാധരംമഴകണക്കുധനത്തെയാക്കും
ധാരാളമേകമൊരുധാൎമ്മികനിദ്ധരേശൻ. ൧൨൨
കെൽപ്പൂംകൊണ്ടന്യരണ്ടപ്പുറമമിതകൃപാ-
        സിന്ധുസിന്ധുക്ഷിതീശൻ
ചൊൽപ്പൊങ്ങുംവൻതുരുഷ്കപ്പടയെമുടിയുമാ-
        റാക്കമ്മുക്കെന്നുമാന്നോൻ
ഇപ്പുണ്യക്ഷോണിമാതാംസതിയുടെതിരുമം-
        ഗല്യമോഷൌറിമാർതൻ
നല്പൊൽപ്പോർകൊങ്കയോ ചെയ്യൊരുപുരുസുകൃതം
        കൊണ്ടുപാരാണ്ടിരുന്നോൻ. ൧൨൩

വടക്കൻദിക്കത്തട്ടിൻവലരിപുകലത്തിൽകമനി!നീ
കടക്കണ്ണിട്ടാലുംനിഷധപതിയിക്കണ്ടപുരുഷൻ
നടക്കന്നെന്നാലിപ്പരിണയമയേ!നിങ്ങൾസുദൃഢം
മടക്കംവൈദർഭീനളരെവളരെത്തുന്നമിയ്യയിൽ. ൧൨൪
വൻപിശ്ശുംവെണ്മതാപപ്രശമനമവനീ-
        ഭൃൽകലാഗ്ര്യത്വമിമ്മ-

Digitized By Kerala Sahitya Akademi

ട്ടമ്പീടംസൽഗുണൌഘാൽതുഹിനശിഖരിയെ-
ത്താൻെറകീഴ്ക്കാലമത്തി
ങ്ങമ്പിൽകാശ്മീരഭൂപൻവിലസുവതുനിരീ-
ക്ഷിയ്ക്കമേനസ്ക്കവാസ്കും
ഡംഭീമന്നിൽതകപ്പാൻഭവതിയുമബലാ-
ഹീരമേപോരുമല്ലോ. ൧൨൬

ഉത്തരകുരുഭൂപതിയിവ-
നുത്തമഗുരുചാപമദനവിദ്യകളിൽ
മുത്തണിമുലമാർമണി!നിൻ-
ചിത്തംചെന്നിവരിലെങ്ങുചരുന്നൂ?' ൧൨൭

ഗദ്യം:— ഇത്ഥമത്യർത്ഥം ചിത്താഹ്ലാദത്തിനു നിദാനമാകുമത്തോഴിതൻ നാവുവഴി പുതുമഴപോൽ പൊഴിയുമഴകെഴും മൊഴി കേഴമാൻമിഴി വഴിയേകേട്ടമൊട്ടും ചുട്ടപൊട്ടുന്ന ഹൃത്തട്ടിൽ പുഷ്ടമാം ദുഃഖത്തെയൊതുക്കുവാൻ ലാക്കുകാണാതെയിരുവരി നിരന്നിരിപ്പൊരു ധരണീശരണപാരീണന്മാരെദ്ദൂരീകരിച്ചു സാരമാം പരിഷന്മന്ദിരചാരുദ്വാരത്തിലെത്തിത്തത്ര വിന്യസ്തമാം പൃഥ്വീപതിചിത്രപ്രതിമയെയതിമനോഹരമാംവണ്ണം തൂർന്നം സമീപിച്ചു നിശ്ചിതമതിയായി കരധൃതയായ കൽഹാരമാലയെസ്സോൽക്കണ്ഠം തൽക്കണ്ഠത്തിൽ ചേർക്കേണ്ടതിനു പൊയ്ക്കൊണ്ടാൾ.

ഇച്ചന്ദ്രാസ്യാശമത്ത്യപ്രതിമയിൽമതിവി-
ട്ടീവിധംപോവതിന്നാൾ-
പ്പിച്ചല്ലാതെന്തുവാൻകാരണമിനിയുടനി-
ഗ്ഗോഷ്ഠിയുംഗോഷ്ഠിയാകം'

Digitized By Kerala Sahitya Akademi

ആശ്ചര്യംലജ്ജയുംച്ചൂടരിശമിതുകളാൽ
        ബാധമാംചിത്തമോട-
ന്നച്ഛത്തിൽഭ്രൂപരിമ്മട്ടുമിത്ഥമവിടെ-
        ച്ചൊല്ലിവല്ലാതെവാണാർ. ൱൨൩

ആരുണ്യംപൂണ്ടനേത്രം,ഭ്രുകുടികൾകുടികൊ-
        ള്ളുന്നഫാലം,നിതാന്തം
കാരുണ്യംവിട്ടചിത്തം,രുധിരമൊഴുകിടും
        ദന്തൌഷ്ഠാന്തമേവം
ചേരുംകോലത്തോടപ്പോളസിയെയുറയിൽനി-
        ന്നൂരിനേരിട്ടടുത്താ-
ത്താരുംവിച്ഛിത്തിമോക്ഷംതന്നവൊടുജയച-
        ന്ദ്രാഖ്യൻവാക്യമോതി: ൱൨൪

'മൂർഖേ!മന്നോരിനംമേൽമുടിയതിൽമകുടം
        ചൂടുവോർപാട്ടുനോക്കി-
പ്പാർക്കെപ്പാപിഷ്ഠനീയിപ്രതിമയെവരണം
        ചെയ്തുവോ?ജാതിയായി!
ചേക്കന്നായ്‌വന്നുവല്ലോശിവ!ശിവ!രിപുവിൽ-
        പ്രീതിനീമേദിനീശ-
ക്കാക്കെന്നെപ്പോൽകളങ്കാങ്കുരമുയരുമിനി-
        ത്തങ്കുലത്തിങ്കലേവം? ൱൨൫

വല്ലാമക്കളിൽനല്ലതാക്കമനപ-
        ത്യത്വം,സുതത്വങ്ങളി-
ന്നെല്ലാവററിലുമഗ്ര്യമാമിതറിയും-
        നീയെന്തിനായന്ധനായ്

Digitized By Kerala Sahitya Akademi

എല്ലാരേ!കുലധൂമകേതുവെയെനി-
        സ്സായ്ത്തന്നു?ഭശാംഗദ-
ന്നില്ലാതാക്കിയനിന്ദ്യകർമ്മമിവനിൽ-
        ചെയ്ക്കുന്നതിന്നോക്കയോ! ൧൩൦

ആകട്ടെകീർത്തിയകളങ്കം,തനൂജയേക-
യാകട്ടെമറെറാരുവളെന്തിനു?പോവതെല്ലാം
പോകട്ടെപുല്ലഭിജനാങ്കമരൂപ്പനെന്നു
ഹാ!കഷ്ടമോങ്ങിയവൾനേക്കസിയാനൃശംസൻ. ൧൩൧

അക്കാഴ്ചകണ്ടരികിലെത്തിയമാത്ത്യരോതി-
യിക്കാര്യമീശ!ഹിതമല്ലിവൾബന്ധനത്തിൽ
പാക്കാംകുറെദ്ദിവസമപ്പൊളിതൊക്കെമാറി
തല്ക്കാംക്ഷപോലൊരുവനെപ്പതിയാക്കമല്ലോ. ൧൩൨

        കംസനൊടാനകദുന്ദുഭി
        ശംസനമെമ്മട്ടുചെയ്യുവണ്ട,തുപോൽ
        സംസദിമന്ത്രികൾപുത്രീ-
        ധ്വംസനമിച്ഛിച്ചിട്ടുമവനോടോതിനയം. ൧൩൩

അതുകേട്ടതുപോലെചെയ്യിനെന്നാൻ
പുതുകീർത്തിസ്സുധിവാസമാംനൃപാലൻ
അതുലാർത്തിയൊടംബുജാക്ഷിയുംപോ-
യിതുകാരാഗൃഹവാസമാചരിപ്പാൻ. ൧൩൪

ആരാജന്യരശേഷമബ്ജമുഖിയിൽ
        കാരുണ്യവും,താതനിൽ
തീരാതുള്ളൊരുനിന്ദയുംപൃഥുമഹീ-
        ശന്മേൽപരംമാനവും,

Digitized By Kerala Sahitya Akademi

ങ്ങരാൽതങ്ങളിൽനാണവും,വിധിയില-
ന്നുൾക്രോധവുംപൂണ്ടുടൻ
പാരാതപ്പുരിവിട്ടുവന്നവഴിയേ
പൊയ്ക്കൊണ്ടുദുഃഖാന്ധരായ്. ൧൩൦

പാപപ്രവൃത്തിയതുചെയ്തതിൽവാച്ചപശ്ചാ-
ത്താപത്തിനുൾത്തളിർവശംവദമാക്കിടാതെ
ഭൂപപ്രമാണിജയചന്ദ്രനുമാവസിച്ചാൻ
കോപത്തിലുൾപ്രണയമേവനുപോവതില്ല? ൧൩൧

ശിവനേ!ശിവരാമ!രാമ!കാരാ-
ഭവനേകാമിനിവാഴുന്നകഷ്ടവൃത്തം
ഭുവനേവഴിപോൽകഥിപ്പതിന്നൊ-
പ്പവനേവൻകഠിനാന്തരംഗനല്ലാ? ൧൩൨
നിരയങ്ങിനെചുററുമാന്നിരുട്ടിൻ-
നിരയല്ലുംപകലുംനിറഞ്ഞുതുല്യം
നിരയംനിഴലാകുമസ്ഥലത്തി-
ന്നിരയെന്നായിളമാഞ്ചലാക്ഷിവാണാൾ. ൧൩൩
ഒരുതോഴിയടുക്കലില്ലമാരൻ
പൊരുതോമൽത്തനുപാതിയാക്കിടുന്നു
വിരുതോക്കുകിലേതുമില്ലവെൽവാ-
നരുതോതുന്നതിനാവധൂവിഷാദം. ൧൩൪
പൂമെത്തപ്പൂമാളിമാരൊടൊരുമി-
ച്ചോരോവിനോദങ്ങൾപൂ-
ണ്ടോമൽത്തേൻമൊഴിയൌവനംവരെവസി-
ച്ചെന്നാലുമന്നാളതിൽ

Digitized By Kerala Sahitya Akademi

ധാമത്തിന്നുതനിച്ചതെല്ലൊരുസുഖം-
ചേരാത്തകാരാഗൃഹം
ഹാ! മെത്തുംദുരദൃഷ്ടശക്തിയതിനാൽ-
കയ്ക്കൊണ്ടിരിക്കേണ്ടതായ്. ൧൪൦

പോരാത്തതിന്നുഗതികെട്ടവിയോഗികൾക്കു
തീരാത്തദുഃഖമരുളുന്നപുരോനഭസ്വാൻ
നീരാൽതണുക്കുമിളുസത്വരമന്നുഘോഷി-
ച്ചാരാൽതടാനടതുടൎന്നിതുനാലുപാടും. ൧൪൧

അന്നാപാനത്തിൽനിന്നുംശിഖരിവഴിജലം
വീഴ്ത്തിയെത്രക്കുശൈത്യം
നന്നായ്പ്രാവൃട്ടുഭ്രമിക്കുരുളി?വദനമാം
പുഷ്കരത്തിങ്കൽനിന്നും
സ്വർണ്ണാഭോരോജശൈലംവഴിനയനജലം
വീഴ്ത്തിയെത്രക്കുതാപം,
ചൊന്നാലുണ്ടോകടുംകൈക്കുരുതി?വസുമതീ-
ഭർത്തൃപുത്രിക്കുമേകീ. ൧൪൨

ഗദ്യം:— അയ്യോ! കഥിപ്പതിനു പൊയ്യോതുകല്ലിവനു വയ്യോമലാളൊടുതുകാലം വിധിയനനുകൂലം വിരവിലതുമൂലം വിരഹതുയിരലകടലിനുടെ നടുവിലിരവു പകൽ വിമലതനുവുഴറിയതിവേലം ചുരുളുന്ന കുന്തലൊടു കരളിൽ കുറുമ്പിയലുമിരുളാം നിശാടസഖിയാകും ചിന്തമലർ വേകും മുഗ്ദ്ധമൊഴി തൂകും നേത്രജലമാർത്തിയുപലത്തിനൊടുമൊത്തു സമവർത്തിദഹനാദ്യരില്ലുമേകും മാപാപിമാരുടെ രോപാവലിക്കെതിർ ചലാപാംഗി ഭ്രപസൃത തീൻ്റും മനതളിർ തകൻ്റും മതികദനമാൻ്റും മരണ

Digitized By Kerala Sahitya Akademi

മൊരു ഞൊടിയിടയിൽ വരുവതിനു വിഷകൃമിയൊടെത്തുനില യിലിനജനൊടു നേൻും ശമിതാരിയാകുമൊരു കമിതാ വരാ ത രികിലമിതാധി ഘസ്രമനു നീളും ഹ്രത്താഹഹ!കാളും മുഖ്യയെ യൊരാളും പാൎത്തിടരുതത്തരമമൎത്ത്യവനിതാൎത്തിദസ്മൃത്തില ത പാൎത്തു പലനാളും.

തന്നായികസ്സൂപററീടുമന്യായതമമാംവിധി
ധന്യാഗ്ര്യൻപൃഥുഭൂപാലനന്നാളാഹന്ത!കേട്ടതേ. ൧൪൩
ഇടിവീണമരംപോലേതഡടിതിപ്രജ്ഞയെന്നിയേ
മുടിമന്നൻധാത്രിതൻരമടിമേൽവീണുമൂഛയാ. ൧൪൪
പറഞ്ഞുപലതുംപാരംകരഞ്ഞുകരുണാരസം
നിറഞ്ഞിട്ടുമൊരുഠത്താരോടരംജനപുരന്ദരൻ. ൧൪൫
കരുന്തൂരിമാനംവേരറുമാററമുഠംബ്ബലം
വരുമാബ്ഭടരൊത്തെത്തിമറുനാഠംശത്രുമന്ദിരേ. ൧൪൬
താരുണ്യമേറുമവനപ്പുരിതന്നിൽവന്ന-
താരുംനരക്കിടയിലൊട്ടുമറിഞ്ഞതില്ലാ
ഊരുംനൃപൻകുലവുമാടയുമെന്നുവേണ്ട
പേരുംനിതാന്തമൊരുമിച്ചുമറച്ചുമൂലം. ൧൪൭
കരിടമിരുപേർകൂടീലമ്മട്ടുസൈനികരുംകട-
ന്നരിപുരമതിൽചെന്നാർതന്നായകാജ്ഞനടത്തുവാൻ
തരിതമവനീഭൃത്തുംമൃത്തുള്ളിലേതുമെഴാതെത-
ന്നരിവയർവസിപ്പോരാക്കാരാഗൃഹാന്തികമെത്തിനാൻ. ()
അമ്പഞ്ചൊടംഗജനകമ്പടിമുമ്പുപോയാൽ
കമ്പാജഗത്തിലൊരുഭീരുവിനുംഭവിക്കാ

6

പൻപൻജനേശനരിഭൂമിയിൽവെച്ചുപോററും-
ക്കാമ്പഞ്ചിയില്ലതിലൊരത്ഭുതമല്പമുണ്ടോ? ൧൪൯

ഗദ്യം:— ഇപ്രകാരം ദുരാശപോൽ ദീർഘമായും ദുഷ്ടഹൃദയംപോൽ തമസ്സമാവൃതമായും മൃതശരീരംപോൽ നിർവ്യാപാരമായും രാക്ഷസർക്കു പോലും ഭയപ്രദമായും വിളങ്ങുമാ രാജമാർഗ്ഗം ലഘുതരം ലംഘിച്ചു മദ്ധ്യരാത്രി ധരിത്രീപുരന്ദരനാരാൽകാരാഗൃഹദ്വാരം ചേരും നേരത്തിൽ

'സൂനായുധാഭ! സുമതേ! സുരഗീതവൃത്ത!
ഹാ! നാഥ! ഹാ! ഹൃദയവല്ലഭ! ഹാ! ദയാബ്ധേ!
ദീനാവനോദ്യത! പൃഥോ! തവഭാവ,മെന്നും
ഞാനാധിപാരിധിയിലാണ്ടുഴലേണമെന്നോ? ൧൫൦

എന്നാലതിന്നൊരുമരുന്നമരുന്നുകയ്യി-
ലെന്നാലവശ്യമതുതാനുപയോജ്യമിപ്പോൾ
മന്നാലലഭ്യമൊരുവൾക്കൊരുവസ്തുവെന്നു
വന്നാലൊടുക്കമതുവാനവനാടുനൽകും.' ൧൫൧

എന്നോച്ചയൊന്നുകയിൽക്കുപ്പിടമാറകത്തു
നിന്നുച്ചലിപ്പതു,മതങ്ങിനെകേട്ടൊരുത്തൻ
എന്നെച്ചതിച്ചിടരുതിങ്ങിനെതമ്പുരാട്ടി!
എന്നുച്ചരിപ്പതുമിളേശനുകേൾക്കുമാറായ്. ൧൫൨

മറന്നാൻതന്നുള്ളംമനുജവൃഷഭൻ ചാടിയരരം
തുറന്നാൻതൽക്കാരാഭവനപതിതൻനല്ലയിരുടൻ
കറന്നാൻകൈവാളാൽ ശൃംഖലകനമാംതാർക്ഷ്യനുസമം
പറന്നാൻപക്ഷംപൂണ്ടബലയുടെമുന്നോട്ടതിനുമേൽ. ()

Digitized By Kerala Sahitya Akademi

ഗദ്യം: — തദവസരത്തിൽ കാരോദവസിതാന്തർഭാഗത്തി ലൊരു ഭാഗത്തിൽ

ചീകിക്കെട്ടാത്തകററപ്പുരികുഴൽ,തിലകം
വിട്ടൊരാനെററി,ബ്ബാഷ്പം
തൂകിക്കാലംകഴിക്കുംമിഴി,മലിനപടം
ചാർത്തുമാമദ്ധ്യമേവം
ആകെക്കണ്ടാൽകരിങ്കല്ലിന്നുമകമുരുകും
മട്ടപെട്ടുള്ളകാർശ്യ-
ശ്രീകൈക്കൊണ്ടേറെനാളായണിനിരമുഴുവൻ
വിട്ടിരിക്കുന്നതായും, ൧൪
കന്ദർപ്പൻതൻകണക്കുംദ്രുഹിണനുടെകടും
കൈക്കുമൊററക്കുലാക്കായ്
വെന്തപ്പാടേദേഹിപ്പോരകമൊടുശിവനേ!
ഹന്ത!താപാന്ധമായി
ഇന്നപ്പോൾതീരുമെന്നില്ലതുപടിദുരദൃ-
ഷ്ടാഭിധോല്പാതവാതം-
തന്നിൽപെട്ടോരുകാരാഭവനകനകദീ-
പത്തോടൊത്തുള്ളതായും, ൧൫
കുപ്പുക്കുള്ളാന്തരത്താത്തൊടു,മടവിയതിൽ
വൃത്താനൽത്താരൊടുംചേ-
ത്താപ്പിക്കുത്തക്കവണ്ണംജനകനുടെകഠോ-
രാജ്ഞകല്പിച്ചതായും,
കെല്പോക്കെപ്പോയുമേററംവിലസുമൊരലസാ-
പാംഗിതന്നംഗമപ്പോ-

Digitized By Kerala Sahitya Akademi

ളാപ്രഖ്യാതാവനീശാഗ്രണിസുകൃതഫലം
        കൊണ്ടുകൺകൊണ്ടുകണ്ടാൻ. ൧൧൭
കോപംകന്യാപിതാവിൽ,പ്രണയമനഘയ-
        ത്തനയയിൽ,ഭൂരിപശ്ചാ-
ത്താപംതന്നിൽ,തിമിർക്കുംബഹുമതിവിധിതൻ
        കയ്യണിക്കൌശലത്തിൽ,
ലോപംകൈവിട്ടിതെല്ലാമരമൊരുപൊഴുതേ
        ചേർന്നുമിന്നുന്നതാമ-
ന്നൃപൻതന്നാക്ഷിനോക്കുംരതിപതിചരിതാ-
        ർത്ഥതാമത്യർത്ഥമാണ്ടാൻ. ൧൧൮
അരചൻനിജകാന്തനെന്നുയോഷി-
ത്തൊരുചെറോത്തുധരിച്ചിട്ടത്തുനില്ക്കേ
പരിചിൽതന്നുപുൽകിമോദമുൾക്കൊ-
ണ്ടുരചെയ്താനവളോടുഭൂപനേവം: ൧൧൯
'വീരശ്രീകാന്തികല്യാണനയജലധിസമുൽ-
        ഭൂതശീതാംശുലേഖേ!
ധീരക്ഷ്മാവൻകരുത്താംപെരുമലയുരുകം
        തുംഗശൃംഗാരധാരേ!
മാരൻതൻദിഗ്ജയാങ്കധ്വജമതിലെഴുമെ-
        ന്നത്ഭുതപ്പൊൽപ്പതാകേ!
ചാരത്താരോമലേ!ചെററധമരണിയുമി-
        ദ്ദുഷ്ടനിൽദൃഷ്ടിനൽകൂ. ൧൨൦
കണ്ടാലുംലേശമുള്ളിൽകരുണയൊടിവനെ-
        ക്കണ്ണുകൊണ്ടൊന്നുമുന്നിൽ

Digitized By Kerala Sahitya Akademi

ചണ്ഡാലൻപാപിധൂർത്തൻമദനിധിപൃഥുഞാൻ
നിസ്ത്രപക്ഷത്രബന്ധു
കണ്ടാലാരുംകൊതിക്കുംകളമൊഴികളണി-
ഞ്ഞീടുമീടാർന്നൊരോമൽ-
കണ്ണാലങ്കാരമേ!നീമമപിഴകളുംപൊറു-
ത്താലുമിക്കാലമെല്ലാം. ൧൱൭
കരർത്ഥസാരംകഴൽതൊഴുംതനുവാന്തനപി-
ക്കാർത്ഥസാരംവരുവതിന്നതിപാപിയാംഞാൻ
ധൂർത്തല്ലചെത്തുവഴിയെൻപിഴയല്ലതോർത്താൽ
മൂർത്തംമദീയദുരിതംവിജയിച്ചതത്രേ. ൧൱൮
നിൻതാതൻതൻമദത്തിന്നറുതിചെറുത്തുചെ-
ത്തുൾത്തടംകത്തിടുംതൽ-
സന്താപംതീർത്തുഭദ്രൽസഭയിലഭയമീ.
ഞാനഹോ!മാനഹീനൻ
ഹന്താരാൽവന്നുനൽകീലതിനുടെഫലമാ-
യല്ലയോമല്പയോനി-
ക്കന്താവാത്തുള്ളതേഷംശിവ!ശിവ!പരമെൻ-
തനപിയാളുംബന്ദിയായി. ൧൱൯
ഞാനനഥനനവദ്യയാംനിന-
ക്കാനനാധരിതദിവ്യസാരസേ!
ന്നൂനമെങ്കിലുമിവൻപിഴച്ചതും
ദീനദൈന്യമൊടുനീപൊറുക്കെടോ!' ൧൱൰
എന്നുംമറ്റുംനൃപാലോത്തമനനുശയമാ-
ർന്നോതവേജാതവേദ-

Digitized By Kerala Sahitya Akademi

സ്സിന്നുള്ളിൽ പെട്ടഹൃത്താന്ന മരുമണാലമാർ
മൌലിസവ്രീളയായി
മുന്നൊം കൊള്ളാതമോദാമൃതമതിൽ മുഴകി-
ത്ത്യാപ്തമഃല്പതരംവാ-
ത്തനുവീശന്നുമുന്നിൽ ത്തളിരൊളിവദനം
താഴ്ത്തിനിന്നാൾ തദാനീം. ൧൩൪
പടത്തിലെപ്പാവകണ്ണക്കറില്ലുമ-
ത്തടിത്തുഃതല്ലുതനുവാന്തനയിയെ
പട്ടതമേറുന്നൊരതൈകൈകളാൽ മുറ-
യ്ക്കുട്ടത്തണച്ചൊന്നടലോട്ടമന്നവൻ. ൧൩൫
പിന്നീടുണ്ടായതെന്നാൽ പാകപണിപരം
തമ്മിൽ നിർമ്മായരാഗം
ചേൎന്നീടുംസ്ത്രീപുമാന്മാരിരുവർ, വിജനമാം
വാസ്തു, വർഷാനിശീഥം
എന്നീവസ്തുക്കളൊന്നിച്ചുകിലവിടെയെഴും
ദേവതാസേവതാനാ-
ത്താനീഭ്രപാലർ ചെയ്താർ സപദിമനമഴി-
ഞ്ഞാദ്ര്യമായദ്ദിനത്തിൽ. ൧൩൬
ഹന്തകാരാഗൃഹോദപാഹപ്പന്തലിൽ സ്മരസാക്ഷിയായ്
ഗാന്ധർവ്വവിധിയാൽ കാന്താകാന്തരായിരുകൂട്ടരും. ൧൩൭
യാമംമൂന്നുകഴിഞ്ഞള-
വാമന്നവനുള്ള പത്തുഃയാധന്മാർ
ആമന്ദമൊരുരഥത്തൊട്ട
കാമപന്നെത്തിവാതിലിന്നരികിൽ. ൧൩൮

Digitized By Kerala Sahitya Akademi

അതിൽകരേറീട്ടവരപ്പുരത്തിൻ-
മതിൽക്കകംവിട്ടതിരിച്ചനേരം
ഗതിസ്സുവിഘ്നംവരുമാറഥസ്സിൻ-
പതിസ്സുദിസ്സേണ്ടൊരുദിക്കടുത്തു. ൱൯

മിത്രൻപൂർവ്വാശയിങ്കൽകരമതരമണ-
ച്ചപ്പൊൾനല്ലാന്നിദ്രാ-
മിത്രത്വംവിട്ടെഴുന്നേററെഴുമൊരുജയച-
ന്ദ്രാവനീജീവനാഥൻ
ചിത്രം പുത്രീചരിത്രം ചിലപഴമപെട്ടും
ദ്ദൂതരോതിക്കളുംബം
ശ്രോത്രംതന്നിൽതറസ്സുംപടിശിവ! ശിവ! ഃക-
ട്ടാത്തനായ്‌വീണുനിന്നാൻ. ൱൰

കറപ്പെട്ടീടുംതൻപുകഴിനെവെളുപ്പിസ്സുവതിനായ്-
പ്പുറപ്പെട്ടാൻപോരിന്നുടനടിഭടന്മാരൊടരചൻ
പരപ്പൊട്ടെന്തിന്നാപ്പടയിലുമരിസ്സാത്തിയരുളാൻ
തരപ്പെട്ടില്ലല്ലോസപദിജയചന്ദ്രന്നുചെറുതും. ൱൰൧

എന്നല്ലപൃഥ്വീചരാവലിയമ്പുവഷി-
ച്ചൊന്നല്ലപാതിജയചന്ദ്രഭടാളിതന്നെ
കൊന്നുപ്പലേകി,ഋജവായ്പുതുക്കുട്ടകൂടീ-
ട്ടെന്നല്ലയോബുധർകഥിപ്പതുമന്നിടത്തിൽ? ൱൰൨
പിന്നത്തെക്കഥചൊല്ലിടേണ്ടശിവനേ!
യോദ്ധാക്കളുംമാനവും
തന്നെത്താൻപണയത്തിൽവെച്ചുകരൾനൊ-
ന്താക്കാന്യകുബ്ജേശ്വരം,

Digitized By Kerala Sahitya Akademi

കന്നൽത്താർമിഴി!നിൻസപത്നിവിജയ-
        ശ്രീയെന്നപായുന്നതേർ-
തന്നിൽതെല്ല ചിരിച്ചുരച്ചപൃഥുവും
        പോർവിട്ടുവേർപെട്ടുതേ. ൱൰൩

    പരംദരംവിട്ടുചയോധികാഞ്ചീ-
    പുരന്ദരൻപൂരിതസവ്കാമൻ
    മരന്ദരമ്യോക്തിയൊടൊത്തൊട്ടക്കം
    പുരന്ദരപ്രസ്ഥപുരത്തിലെത്തി. ൱൰൪

ഏറെത്താമസിയാതെതന്നെവിധിപോ-
        ലപ്പൂരിൽനല്ലേറിടും
നീരിത്താർമിഴിതൻനിതാന്തരുചിരം
        കല്യാണഘോഷോത്സവം
പാരിൽതാദൃശമന്യമില്ലതുകണ്ട-
        ക്കണ്ടായിരണ്ടായിരം
നേരെത്താതൊരുനാവെഴുംഫണിയതെ-
        ന്താൻനോക്കിവർണ്ണിയ്ക്കണം. ൱൰൫

കുറവൊരുശകലംവരാതെരണ്ടാം
സുരവരനുംശചിയുംകണക്കതന്നെ
ഹരിപുരമതിലേറെമോദമുൾക്കൊ-
ണ്ടിരുവരുമൊത്തുവസിച്ചുസൌഖ്യമോടേ. ൱൰൬

പൂർവ്വഭാഗം.

Digitized By Kerala Sahitya Akademi

# സുജാതോദ്വാഹം

## ഭാഷാചമ്പു.

—∞✻∞—

## ഉത്തരഭാഗം.

കുന്നിന്മേൽനിന്നിളങ്കൈത്തളിർ,പുരികുഴൽവ-
ണ്ടോ,ഉന്നക്കൊങ്കയാംകൊ-
ത്തെന്നിക്കോലത്തൊടുണ്ടായ്ബൃഹൽഫലമരുളാൻ
ത്രാണിയാസ്ഥാണുവിന്നും
നന്ദിച്ചേകിപ്രശസ്തപ്രദയൊടിടതുഭാ-
ഗത്തു പററിത്തഴച്ചും
പൊന്നിൻപൂമെയ്യുപൂണ്ടാലതയുടെചുവട-
ണ്ടാശ്രയംതീർച്ചയായ്മേ. ൧

ഒന്നേകൊമ്പുള്ളകുത്താൻ,കുടവയർവടപ-
ത്രംകണക്കാകുമോടി-
പ്പോന്നേറ്റാൻപെൺനടക്കാക്കരുതുഭയദമാ-
ണാജിയിൽസിംഹനാദം
എന്നേവംഹുങ്കൊടോതുംഗുഹനൊടനുജ!ഞാ-
നാശ്രയംദാനവാരി-
സ്സുന്നേറെപ്പുഞ്ചിരിക്കൊണ്ടരുളിനഗണനാ-
ഥൻറപാദംതൊഴുന്നേൻ.



Digitized By Kerala Sahitya Akademi

പൂന്തേനംമുന്തിരിങ്ങാപ്പഴവുമമൃതവും
      വെല്ലവുംനല്ലപാലും
ചാന്തേലുംകൊങ്കമാർതന്നധരവുമടിമ-
      പ്പെട്ടുപോംമട്ടമന്നിൽ
ഞാന്തേടുംവാക്കതിന്നിട്ടണമതിനുസരോ-
      ജാസനൻദാസനാകും
കാന്തേ!കാൽത്താർതൊഴുന്നോർകടുകളവുകനി-
      ഞ്ഞിടുന്നീമൂഢനെന്നിൽ. ൩

ഊഢഃപ്രേമംപൃഥുക്ഷ്മാധവനമവനെഴും
      ജായയാംഛായയേറും
കോടക്കാർക്കുന്തലാളുംവിബുധപരിവൃഢ-
      പ്രസ്ഥമാംപത്തനത്തിൽ
കേടററിടുംയശസ്സാർന്നമരുമൊരമലോ-
      ദന്തമന്തഃപ്രമോദ-
ത്തോടല്പാതന്നസൂയാഭരമിയലുമരി-
      ക്കൂട്ടവുംകേട്ടതില്ലാ. ൪

നോട്ടംതൻനാഭിവിട്ടാദ്ദയിതനുടെമുഖ-
      ത്തിങ്കലായ്‌വങ്കലുക്കം
വാട്ടംവിട്ടററുകൊങ്കസ്ഥലികളിനപുളകം
      മെയ്യുമെന്മേൽകരഞ്ഞു
തിട്ടംദീപത്തിലുണ്ടാംഭയവുമകലെയായ്
      ജിഹ്മമൌനംത്യജിച്ചു
പെട്ടന്നഞ്ചാറുനാളിൽത്രപനുപസൃതതൻ-
      മേനിതാനേവെടിഞ്ഞു. ൫

Digitized By Kerala Sahitya Akademi

തടുത്തിടാൻനീട്ടിയകൈകൾരണ്ടു-
മടുത്തുടത്താവെയെടുത്തണപ്പാൻ
പടുതപമേറുംസഖിമാൎക്കുപോവാൻ
കൊടുത്തുതാൻതന്നെയനുജ്ഞരാജ്ഞി. ന്ത

ഉപധാനമൊടുള്ളചേൎച്ചവിട്ടു
ലപനംസുന്ദരമന്ദഹാസരമ്യം
നൃപകാമിനികാമശാസ്ത്രമാകെ
ക്ഷപനാലഞ്ചിനകംഹൃദിസ്ഥമാക്കി. ൭

നാന്ദീപദ്യംതുടങ്ങിഭരതമൊഴിവരെ-
ത്തനഘിയുമപുണ്യപൂരം
ചേൎന്നീടുംഭ്രൂവൃഷാവുംരസമതിനസമ-
സ്ഥത്തിപേൎത്തുംവരുത്തി
മിന്നീടുംചന്ദ്രമസ്സുമ്മൃദുലതളിമവും
ശിക്ഷയിൽസാക്ഷിയാംമ-
ട്ടന്നീവിശപഞ്ജയിസ്സുംമദനനുടെമഹാ-
നാടകംകൂടിയാടി ഷ്

അവനവളൊടുചേൎന്നുചെയ്തമേളി-
ന്ന്യവനമവൎണ്ണ്യമനന്തനാല്പമേററം
ഭുവനമതിലൊരേടമേവനേവം
നവനവമാംസുഖമാൎക്കുമേകിനാട്ടിൽ? ൻ

ാദ്യം:— അതിശയമതിശയമതിസുരപതിയാം
പൃഥുനൃപകുലമണിതന്നുടെഭരണം
പറവതിനൊരുവനുമരുതരുതുസുഖം
പെറുവതിനിത്ഥമൊരിസ്സുല്പമവനി-

Digitized By Kerala Sahitya Akademi

ഷ്ടിടയായില്ലാഗ്ഗുണഗണനിധിയൊട്ടു
കിടയായില്ലൊഃനൃപതിയുമമരാ-
വരിതാനിന്ദ്രപ്രസ്ഥമിതെന്നൊരു

മതിമതിയെഴവോക്കലമുളവായും
ഹര!ഹര!ശിവ!ശിവ!നരനിരമേന്മേൽ
പുരുതരകുതുകംതെരുതെരെയാണ്ടും
കാമംസൽക്രിയ ചെയ്യുതിലാന്നും

ക്രോധംദുശ്ചരിതത്തിലിയന്നും
ലോഭം,സാധനമൊക്കയിൽവെച്ചും
ലോകത്തിന്നുതാൻധരയിലുദിച്ചും
മോഹംത്രിദശക്കിത്തുഭ്രവല്ലെ-
ന്നാഹന്ത!ഹൃദന്തത്തിൽവളന്നും
മദമുള്ളത്തിൽചുവടേമാറി-
ദ്ദമമായിട്ടുനരക്ക്ഭവിച്ചും

മാത്സൎയ്യംവൈകുണ്ഠത്തൊടുനൃപ-
വാത്സല്യമെഴംപുരികയ്ക്കൊണ്ടും
അരിധാന്യത്തിനകത്തുവസിച്ചും
വൈരംമണികളിലൊന്നായ്ത്തീന്നും
മുത്തൊനെഞ്ചിനകത്താപ്പുറവും
മുഗ്ദ്ധേക്ഷണമാരവിരതമാണ്ടും

ഇടമേകാതൊരുപോരമ്പലകംതൻ
തടമുലയിണതാൻതമ്മിൽചെയ്യാ
ഇടിയുടെകഥചിന്തിച്ചാലത്ഭുത-
മുടനമ്മിന്നലിനപ്പാമായും

Digitized By Kerala Sahitya Akademi

വെട്ടകുരംഗപ്പിടമിഴിമാർതൻ-
വിട്ടുപെരുക്കംകണ്മുനചെയ്യും
കുത്തുനിതാന്താമലയരുവികൾതൻ
ശക്തിപെരുത്തൊരൊഴുക്കിനുചേൎന്നും
വക്രതപ്പുരികക്കൊടികയ്യൊണ്ടുമ-
കക്കട്ടിപരംകുളുർമുലവൃണ്ടും
തക്കവുമിതുപോൽശിക്ഷയുമുരുരുചി
വാസ്സുംശാസ്ത്രദ്വയമായ്ത്തീൎന്നും
പിഴവിധിമന്ത്രികൾകക്ഷികളിലുമൊരു
പൊഴുതുംചെറുതുംകാണാതായും
നിലയില്ലാസ്സപയോധിലഭിച്ചും
കുലയെന്നുള്ളതുവാഴയിൽവാച്ചും
തുക്കുതുലസ്സുകമല്ലാതെങ്ങുമി-
ളുസ്സുകമൊരിടമിരിസ്സാതായും
തടവുയുവാക്കൾക്കബലകൾതൻക-
യ്യിടയിൽക്ഷണദയിൽവന്നുഭവിച്ചും
ചാക്കുജനത്തിനുസാമാനങ്ങളെ
വെയ്ക്കുന്നതിനൊരുഭാജനമായും
വഞ്ചനനരരൊട്ടുവനിതാപാംഗം
കിഞ്ചനകുറവില്ലാതെതുടൎന്നും
പാന്ഥന്മാരുടെയൈശ്വധനത്തെ-
സ്സന്തതമേണേക്ഷണമാർകട്ടും
രാജദ്രോഹംകാമിനിമാർതൻ
ഭ്രാജത്തരമാംവദനംചെയ്യും

Digitized By Kerala Sahitya Akademi

തീവെപ്പെന്നതുവേദിയിലുംപി-
ന്നാവിർമ്മോദമടപ്പിലുമായും
പാടിനുപാർത്താലൊരിടവുമിളയിൽ
പാടിയലാതെസദൈവഭവിച്ചും
മുട്ടകരിമ്പിനിടസ്സുകടന്നും
തട്ടനിതാന്തംപന്തിനുചേർന്നും
ദേവനസേവവരാതിരുതരവും
ഭൂവിനകംപുരുഷാവലിവാണും
കുടിയെന്നതിനുദവസിതാർത്ഥംതാൻ
സ്ഫുടമിപ്പൃഥിവിയിലെങ്ങുമിയന്നും
പൊട്ടച്ചെവിസ്സല്ലളികിത്തനുതാൻ
തിട്ടമെവക്കമതങ്ങിനെതീർന്നും
മൂകതാപരദോഷപ്രകടനമതി-
ലാകുംപടിരസനസ്സുഭവിച്ചും
അർത്ഥത്തിന്നുവിശേഷിച്ചർത്ഥമൊ-
രുത്തനുമിളമേൽകരുതാതായും
ദൾക്ഷണദസ്സല്ലാതെതമഃ-
സ്പർശംനരഹൃദിപിണയാതേയും
നീരുകുളങ്ങളിൽനിറവായ്നിന്നും
പാരംപനിമതിവാനിൽവളർന്നും
ക്ഷയവുംവൃദ്ധിയുമൊക്കെച്ചന്ദ്രനിൽ
നിയതംചേർന്നമുറസ്സുലസിച്ചും
ചിത്രംവിസ്മയമതിശയമത്ഭുത-
മധുരണീന്ദ്രധരാവനവിഭവം!!

Digitized By Kerala Sahitya Akademi

ഏകന്നുമാത്രമകമേ പരിതോഷമേതു
മേകുന്നതിന്നു പൃഥുവിന്നു കഴിഞ്ഞതില്ലാ
ലോകം നിനക്കിൽ മററ, മാറിനു ചാഞ്ഞു വെട്ടാൻ
പോകുന്ന പോത്തിനൊടുരക്കിലതെന്തു പററും? ൧൦
ആരും മേന്മേൽ പുകഴ്ത്തും ബലനിധി ജയച-
ന്ദ്രക്ഷ്മാരക്ഷിപാനും
പാരും കാൽകൊണ്ടു തേയ്ക്കും പെരിയൊരപജയ-
ഖേദാന്തനാമം ധരിപ്പാൻ
പോരും ക്രോധം വിഷാദം കുസൃതി ഭയമസൂ-
യാഭരം ലജ്ജയെന്നീ-
യാറും ചേരുന്നാഗ്ഗത്താന്നിശമവശതാ-
ഗാരമായ് പാരമയ്യോ! ൧൧
മാലൊത്തു ചൂണ്ടുവിരൽ കഷ്ടമുറക്കെ മൂക്കിൻ-
പാലത്തിലൂന്നിയതിയായ് നെടുവീൎപ്പുവിട്ടും
മേലത്രയും നയനനീരൊഴിയാതൊഴിച്ചും
കാലത്തെയന്നൊരുവിധത്തിലവൻ കഴിച്ചു. ൧൨
ഊണുറക്കമിവ വിട്ടു ചിന്തയുടെ ഭാര,
മേറു തലയേററവും
താണു, രാജ്യകഥ പോട്ടെ ബന്ധുനികരത്തി-
ലും കുതുകമെന്നിയേ
തൂണുപോലഹഹ! ചേഷ്ടയൊക്കെയകലെത്ത്യ-
ജിച്ചു നരനായകൻ
വാണു വൈരതരുഗ്ഗത്താടേ വലിയ കൊമ്പു
കാൎക്കളൊടു വാൎക്കുവേ. ൧൩

Digitized By Kerala Sahitya Akademi

തരളത്വമതീവപൂണ്ടുവാട്ടം
കരളൊത്താനവരൻതനിയ്ക്കുസാമ്യം
ഗരളത്തിലെഴുംപുഴുക്കളൊടൊ-
ട്ടരുളിത്തന്നെവസിച്ചിവണ്ണമോർത്താൻ: ൧൪

'പാതിവ്രത്യത്തൊടെന്നെപ്പരിചിലുപചരി-
ച്ചിത്രനാളംപാർത്തനവ്യ-
ഖ്യാതിസ്ത്രീയെത്തനൂജാസഹിതമഹിതനാം
ധൂർത്തെഴുംപൃഥ്വീളേശൻ
ഹാ!തിട്ടംകട്ടകഷ്ടം!ഹരഹര!വിധിയ-
ന്ത്രത്തിരിപ്പെന്തൊരേപ്പാ-
ടാധിപ്പെണ്ണെന്നെവേൾപ്പാനശുഭതരമുള്ള-
ത്തന്ത്രത്തിലാചാര്യനായാൻ. ൧൫

പോയല്ലോകാന്ത്യകല്യാണാന്വയമഹിമകിഴ-
പ്പോട്ടു,മദ്ദിഷ്ടമിമ്മ-
ട്ടായല്ലോ,ദോർബ്ബലംകൊണ്ടിവനൊരുമദമു-
ണ്ടെന്നതുംതീർന്നിതല്ലോ,
തീയല്ലോകത്തിനീറുന്നതുകരളിനകം,
ദൈവമേ!ചെയ്തതെന്തെൻ-
ശ്രീയല്ലോപോയതാക്കുംനരകമിതിനുമേൽ
ഹന്ത!മററെന്തുമന്നിൽ? ൧൬

ഒരിക്കൽതോററാലുണ്ടൊരുകുറിജയിപ്പാൻവഴിയത-
ങ്ങിരിക്കട്ടേവേണ്ടില്ലതുവെറുമുണക്കച്ചെറുതൃണം
പിറയ്ക്കൊക്കുംഫാലംപെറുമൊരുതനൂജയ്ക്കുബത!മാം
മറക്കാൻവന്നല്ലോമനമതുമലയ്ക്കാത്തദുരിതം. ൧൭

Digitized By Kerala Sahitya Akademi

അല്ലെന്നാലേതെനിക്കാത്മജ?യിളയിലിനി-
ശ്ശത്രുവിൽശാത്രവൌഘം
മെല്ലെന്നുണ്ടാമവൎക്കെല്ലാരുജനനിയെയോ
പുത്രിയെന്നോൎത്തിടേണ്ടു?
തെല്ലിന്നെന്തിന്നുഹൃത്തിൽദയ?പൃഥുപൃഥിവീ-
ക്ഷത്രഗോത്രംസമംഞാൻ
വില്ലൊന്നാന്നാൽപതിക്കുംകരികരധൃതമാം
താമരത്തണ്ടുപോലേ.’ ഫൃ

തന്നെത്താൻവീരവാദംചെ-
യ്യുന്നത്തെട്ടിനമീവിധം
നിൎന്നിദ്രനാംനൃപൻപാരം
ഖിന്നത്വത്തോടുപോക്കിനാൻ. ഫൻ

ഗദ്യം:— അപരമാം ദിനാരംഭത്തിൽ ചൂഡാലംകൃതമാമുത്ത മാംഗത്തിലൊരു ചെറുതൊപ്പിയുമതിന്മേലുറുമാൽകെട്ടുമിരു കവിളിലുമിരുളിൻ നിറമാൎന്ന മോടിയെഴും താടിയും തടിച്ച ദേഹ വുമടച്ച കഞ്ചുകവുമായൊരു പുരുഷൻ മഹാരാജസന്നിധിയെ പ്രാപിച്ചു.

ആൎക്കുംഹൃത്തിൽഭയംചേൎത്തമിതബലമൊടും
ഘോരതാംപൂരതിങ്കൽ
പാൎക്കുംഷാഹബ്ദീൻതൻപ്രഥമസചിവനാ-
യുള്ളകുട്ടബ്ബുതന്നെ
വീക്ഷ്യംകൌതൂഹലംപൂണ്ടവനിപതിനിരീ-
ക്ഷിച്ചുതന്നാക്ഷിരണ്ടും 8 *

Digitized By Kerala Sahitya Akademi

വാക്കംഹൎഷാശ്രുവെക്കൊണ്ടരമവനഭിഷേ-
കത്തെയാദ്ര്യംനടത്തീ. ൧൦
വീൎയ്യാഗാരംതുരുഷ്ക്കക്ഷിതിപനജഗരം
മൂഷികപ്പൈതലെപ്പോ-
ലാൎയ്യാവൎത്തംഗ്രസിപ്പാൻതുടരുവതറിയാ-
തമ്മഹീവന്മഹേന്ദ്രൻ
കാൎയ്യാകാൎയ്യങ്ങൾനോക്കാതുടനടിദൃഢമാം
സന്ധിയമ്മന്ത്രിയോടായ്
ഭൂൎയ്യാമോദേനചെയ്താൻ,പരനൊടുപകതാ-
നാന്ധമാഹന്ത!മന്നിൽ. ൧൧
'പക്ഷംരണ്ടിനകംപൃഥുക്ഷിതിപനെ
സ്വൎഗ്ഗത്തിലാക്കിത്തരാൻ
പക്ഷംരണ്ടിനിയില്ലമോദമിയലും
മത്സ്വാമ നിസ്സീമമായ്
അക്ഷന്തവ്യമഭൂതപൂൎവ്വമപരാ-
ധത്തിൻപ്രതീകാരവും
നൽക്ഷത്രാന്വയരത്നമാകിയഭവാൻ
ചെയ്യാതെപോയ്യേതുമോ?' ൧൨
മറ്റുമിവണ്ണംപലതുംകഥിച്ചാ-
ത്തുരുഷ്ക്കമന്ത്രിപ്രവരൻതദാനീം
കരൾക്കുസൌഖ്യംനൃപനേററമേകി-
പ്പുരുക്കുമുൾക്കൌതുകമോടുപോയാൻ ൧൩
പാലിസ്സൂണ്ടതുപുണ്യഭൂമി,പൃഥുവും
താനുംധരിത്രീശർതൻ-

Digitized By Kerala Sahitya Akademi

മൌലിസ്ഥാഭരണങ്ങളും, കാലഗതിയോ
വല്ലാത്തതെല്ലാററിലും,
മാലേല്ക്കാൻവഴിതന്റെപുത്രിയണയോ-
ല്ലെന്നൊന്നുമന്നാനൃപൻ
ബാലക്കല്പമറിഞ്ഞതില്ലശിവനേ!
ഹാഹന്ത'മോഹാന്ധനായ്. ൨൮
കത്തിതന്നൊടുകഴുത്തുവെട്ടുവാൻ
മൈത്രികക്ഷിതുടരുംവിധംപരം
അദ്രിനംബത! ത്രുരുഷ്ടസഖ്യമ-
പ്പുത്രചിതൻപതികഴിച്ചുതൃപ്തനായ്. ൨൯
'കൊള്ളാമിപ്പാളയത്തിൽപട, രതമഹീ-
പാലർദുഷ്ടാലവഹ്നി-
ക്കുള്ളായ് ത്താനേദഹിപ്പോരവസരമിതിലെ-
ക്കാററുതാറാൻവിശേഷം
എല്ലാരുംപോരിനായിട്ടുടനടിനടകൊ-
ണ്ടീടുവിൻവീടുകാക്കാ-
നുള്ളാവിങ്ങുണ്ടുകൈക്കൊള്ളുകഝടിതിജയ-
ശ്രീയെയോ, ഹൌരിയേയോ. ൨൩
ഒരുവിനാഴികമാത്രമനന്തരമേൽ
മരുവിടാൻവിധിയെങ്കിലതിന്നകം
പുരുയശസ്സുലഭിപ്പവനാരവൻ
പുരുഷനന്യനഗണ്യവിഷപ്പുഴ. ൨൧
ചൂഡാലോശംവഹിക്കുംതലകളരിയുവിൻ,
ഗോക്കളെക്കൊന്നുതിന്മിൻ,

Digitized By Kerala Sahitya Akademi

ഖേടാമ്നായമെല്ലാം ദഹനനിലെറിയിൻ,
ക്ഷേത്രസാത്ഥാതകപ്പിൻ,
നാടാകെത്തീകൊളുത്തിൻ, നലമുടയശിലാ-
ലോഹരൂപങ്ങൾകണ്ടാ-
ലൂഢാടോപം പൊടിപ്പിൻ, ത്രിപഥഗയിലമേ-
ദ്ധ്യത്തെനിത്യം കലക്കിൻ. ൨൩
ചാരംപൂശുന്നദേഹാൽഝടിതികഷണമായ്
വെട്ടിയജ്ഞോപവീതം
പാരംഭഞ്ജിച്ചു കൈവത്തവലയിടുവാൻ
നൽകുവിൻനിർവ്വിശങ്കം
സാരസ്യം ചേർന്നൊരിസ്ലാംമതമിളയിൽമുറ-
ക്കുപ്രസിദ്ധിക്കുന്നതിന്നും
വേരററീഹിന്ദുരാജ്യംമുടിയുവതിന്നുമായ്
വേലചാലോടു ചെയ്വിൻ. ൨൪
കയ്യിൽകറാൻകാഫർധരിച്ചിടാഞ്ഞാൽ
മെയ്യിൽകൃപാണംപിടിയോളമേററി
തിയ്യിൽതൃണംപോലെചരാക്കൾനാശം
ചെയ്യിക്കുനമ്മൾക്കിതുനല്ലകാലം.' ൨൫
ഇത്തരംബത!മതഭ്രമമത്താടുരചെയ്തു
മുൾവികൾകലന്നുടൻ
യുദ്ധഭൂമിയെയണഞ്ഞിടുന്നൊരുമഹമ്മ-
ദാധിപതിവാഹിനി
ഒത്തകാററിനൊടുചാനിവിത്തലമൊഴുക്കി-
ലോറവുമിറക്കമാ

Digitized By Kerala Sahitya Akademi

മത്തരത്തിലിളകുന്നവഞ്ചിയൊടുതുല്യ-
        മാംഗതിവഹിച്ചതേ. ൩൬
പോരിൽതന്നൊടെതൃപ്പതിന്നുപടയൊ-
        ത്തെത്തുന്നവൃത്താന്തംനൃപ-
ന്മാരിൽസത്തമനാംപൃഥുക്ഷിതിവരൻ
        പെട്ടന്നുകേട്ടീടവേ
കാറിൻവൻനിനദംശ്രവിച്ചമയിലോ-
        ടൊത്തുള്ളമുത്തുള്ളതിൽ
പോറിപ്പാർത്തു,കരുത്തെഴുംപുരുഷർതൻ
        ചട്ടററമട്ടിത്ഥമാം, ൩൭

'അപ്പാതകോദവസിതംനരനായകാനാ-
യോൽപ്പാതഃകൃതജ്ഞയചന്ദ്രനെനിസ്സനാശം
തപ്പാതെവന്നണവതിന്നുതുരുഷ്കരാടൊ-
ത്തപ്പാ!തുടർന്നിതൊരുനൂതനമൈത്രിഃചാലും. ൩൮

എന്നാലെന്തു?പരദൈവന്നിട്ടുവതെൻ-
        ധർമ്മംപരന്മാരെവെ-
ന്നിന്നാട്ടിന്നുശുഭത്തെനൽകിടുവതാ-
        ണീശൻപ്രസാദിക്കുകിൽ
എന്നാൽകാൽനിമിഷത്തിൽവദ്ധ്യർനിയതം
        ശത്രുക്കളും,യുദ്ധക്ഷമ-
സ്ഥിന്നാരാൽനടകൊണ്ടിടട്ടെഭടരാ-
        യുള്ളോരിതല്ലോതരം.' ൩൯

എന്നാഷസ്സിലുരചെയ്തുഃപാരിനാ-
യന്നുടൻപൃഥുപുറപ്പെട്ടുംവിധൌ

Digitized By Kerala Sahitya Akademi

ഇന്ദുവക്ത്രാനിജകാന്തയന്തികേ
ചെന്നുനിന്നു ചെറുതിത്ഥമോതിനാൾ: ൩൫
'എന്തിനിങ്ങിരു ചിലപ്പതിത്ഥമറിവി-
ല്ലാതെന്നുയാതൊന്നുമേ
ചിന്തിപ്പാൻകണവൻതുടങ്ങരുതടൽ
ക്കിന്നോളമെന്നാളിലും
വെൺതിങ്കൾക്കെതിർകീർത്തിനേടുമവിടെ-
യ്ക്കുത്സാഹമിസ്സാഹസം
ചിന്തിയ്ക്കപ്പൊഴരച്ചിടുംരസനതാൻ
വൈകാതെനൽകീർത്തുലോം. ൩൬
അത്തരമുള്ളൊരുഞാനെ-
ന്നിത്തരമിന്നോതിടുന്നതെന്നാകിൽ
ഉത്തരമുരചെയ്യിടുവൻ
സത്വരമെൻനാഥ!കേട്ടുകൊണ്ടാലും. ൩൭
എന്നിൽകനിഞ്ഞിരവിലിന്നലെയുദ്ധവാർത്ത
ചൊന്നില്ലയോ,ദയിതനായതിനപ്പുറംഞാൻ
വന്നിദ്രതൻനടുവിൽവെച്ചുമനസ്സുണ്ടായ്
ഖിന്നിയ്ക്കുമാറൊരുകടുത്തകിനാവുകണ്ടേൻ. ൩൮

ഗദ്യം:— ആ സ്വപ്നത്തിനു മൂന്നു പിരിവുകളുണ്ടെന്നു പറയണമെന്നാമതായൊരു ഭൂതമെൻപുരോഭാഗത്തിൽ വന്നു സുജാതേ!നോക്കുക നിൻെറ ഭർത്താവിൻെറ ജീവൻ മുസൽമാൻെറ ഖഡ്ഗത്തിന്മേൽ തൂങ്ങുന്നതു കാണരുതേയെന്നു പറകയും കുറെ കഴിഞ്ഞു ഞാൻ നാഥ!ഭവാൻ രിപുസ്വപാസ്രക്കിനാൽ മലീമസമായ കഞ്ചുകത്തോടു കൂടി വരുന്നതു കാൺകയും ചെ

Digitized By Kerala Sahitya Akademi

സ്ഥിരിക്കെ രണ്ടാമതുമാ സ്വരൂപമാവിർഭവിച്ചതാ രാജ്ഞി!നിൻദ
യിതൻ വിജയിയായ് വരുന്നതു കാണ്മതില്ലേ? വേഗമാലിംഗനം
ചെയ്താലുമെന്നരുൾകയും വീണ്ടും കുറെക്കഴിഞ്ഞു നോക്കുമളവില
ഹോ! മഹാകഷ്ടം! പരമസങ്കടമതെങ്ങിനെ ഞാൻ കഥിപ്പതെ
ൻപ്രാണനായക! ഭവാൻ ശത്രുരാജധാനിയിലൊരു മഹാന്ധകാ
രപരിപൂർണ്ണമാം കാരാഗൃഹത്തിലസംഖ്യക്ഷതങ്ങളിൽനിന്നനർഗ്ഗള
മായ് പ്രവഹിക്കുന്ന ശോണിതനദികളിലകം നിശ്ചേഷ്ടനായ്
ശ്ശയിക്കുന്നതെൻമഹാപാപം ചെയ്തോരീ മിഴിയിണക്കു ലക്ഷീഭ
വിക്കുകയുമുടൻ മൂന്നാമതുമാ മൂർത്തി മുന്നിലെത്തി നോക്കിയാലും
നിന്റെ വല്ലഭനവസാനം സമാസന്നമെന്നു നിഷ്ഠുരണമായ് വ
ചിച്ചന്തർദ്ധാനം ചെയ്കയും ചെയ്തു.

ഇതിന്നുമേലെങ്ങിനെവല്ലഭൻപോ-
വതിന്നു ഞാൻസമ്മതമേകിടുന്നു?
ചതിക്കുമയ്യോ!രിപുപിന്നെയെന്തി-
സ്സതിക്കൊരാലംബമില്ലാതലത്തിൽ?' ൩൯

എന്നോതിക്കണ്ണുനീർവാർത്തരികിലവശയായ്
നില്പോരസ്സുഭദ്രവെപ്പാ-
ത്തെന്നോമൽപ്രാണനാഥേ!മതിമതിഭവതി-
ക്കെന്തു സംഭ്രാന്തിയേവം?
ഇന്നോർത്താൽ വീര്യവാന്മാർക്കണിമണിപൃഥുഭൂ-
ജാനിപോരിന്നുപോകേ-
ണ്ടെന്നോ നിർമുഗ്ദ്ധമാം പോക്കമ്പലകളമ്പലമെ-
ന്നുള്ളതില്ലാത്തപേർതാൻ. ൪൦

ഓരോതരം ഭയമിതെന്തിനു? ശത്രുവംശം
വേരോടുവെട്ടിയെരിതീക്കിരയാക്കിലാക്കിൽ

Digitized By Kerala Sahitya Akademi

നേരോടുനിന്നരികിൽ ഞാൻ നിയതം വരുന്നേൻ
താരോടിടഞ്ഞമിഴി! താമസിയാതെതന്നെ.' ൪൫
എന്നിത്തരംമൊഴിയുരച്ചുവളൎന്നബാഷ്പം
തന്നുത്തരീയമതുകൊണ്ടുതുടച്ചുനീക്കി
അന്നത്തിനൊത്തനടയാമവളെക്ഷമേശ-
നന്നെത്രയുംപ്രണയമാൎന്നുപുണൎന്നുകൊണ്ടാൻ ൪൬
നീലത്തഴക്കുഴലിയാളെവെടിഞ്ഞുരാട്ടു-
ക്കാലത്തുപാരിനുതുടൎന്നളവപ്പുരത്തിൽ
ചേലൊത്തസൈനികരസംഖ്യർനിരന്നുനിന്നാർ
താലദ്രുപംക്തികൾകടൽക്കരയിൽക്കണക്കേ. ൪൭
പീനത്വമാൎന്നതനുവൊത്തുകടത്തിൽനിന്നു
ദാനംപൊഴിപ്പൊരുമദോൽക്കടവാരണങ്ങൾ
നൂനംസപക്ഷശാത്രവചമൂജയവാരണങ്ങൾ
വാനത്തിൽമേഘനിരപോലെനിരന്നുനിന്നു. ൪൮
ഊഴിക്കധീശനരുളാലനിലന്റെവേഗം
പാഴിൽപ്പെടുത്തിയജവംപെടുമശ്വവൃന്ദം
കേഴിക്കുവാൻപരരെവന്നുനിറഞ്ഞുതുള്ളി-
മാഴിക്കകത്തിളകിടുംതിരമാലപോലെ. ൪൯
പാരാതെസാരഥികളുത്തമമാംശതാംഗം
ധാരാളമപ്പൊഴവിടെക്കുസമാനയിച്ചു
ഓരോന്നുമേപടനിലത്തയുതാംഗഭംഗം
നേരോടുചെയ്വതിനുശക്തിയെഴുന്നതല്ലോ. ൫൦
മൈത്ര്യാരസത്തിനൊടുസൈന്ധവയോഗമാണ്ടൊ-
രത്തുംഗവാഹിനികൾതാമസിയാതെതന്നെ

Digitized By Kerala Sahitya Akademi

പേൎത്തുംകലുക്കമിയലാത്തവിപക്ഷഭൃത്ത-
ത്തെത്തുന്നതാംവഴിമുറക്കുഗമിക്കുമാറായ്. ൪൭
നാകത്തിൽനിന്നുമതുപോലിളയിങ്കൽനിന്നും
വേഗത്തിലാശകൾനിറഞ്ഞുനഭസ്ഥലത്തിൽ
ഏകത്രധൂളികൾനിരന്തരമൊത്തുകൂടി
ലോകത്തിനത്ഭുതമണച്ചുനിതാന്തമപ്പോൾ. ൪൮
അന്യത്രബൃംഹിതമതിന്നനുകൂലമായി-
ട്ടന്യത്രകൎണ്ണകഠിനംപൃഥുസിംഹനാദം
അന്യത്രഘോരതയെഴുംഹയപങ്ക്തിഹേഷ-
യന്യത്രഭൂതഭയദംഗുണഘോഷപൂരം. ൪൯
കയ്യുംജനസ്സുമൊരുപോൽസഫലീകരിച്ചു
മെയ്യുംമനസ്സുമൊരുമിച്ചമരിന്നുനൽകി
ശ്രീയുററയോധർകണിശത്തിലരിവ്രജത്തെ-
ക്കൊയ്യുന്നതിന്നസിയെടുത്തുനടന്നുതുന്നം. ൫൦
വേണുന്നപോൽശരളമാന്നലിവററുലക്ഷ-
പ്രാണങ്ങൾപോക്കുവതിനുററപടുത്വമോടേ
കാണുന്നവൎക്കരളിൽതരളത്വമേകി-
ത്തൂണങ്ങളിൽപരമജിഹ്മഗപങ്ക്തിവാണു. ൫൧
ഇത്ഥംക്ഷണേനസമിതിക്കുമഹാമഹേന്ദ്ര-
പ്രസ്ഥത്തിലുള്ളരിയധീരരണഞ്ഞനേരം
മുത്താൎന്നുനാരദമുനീന്ദ്രനവൎക്കുവാക്കും
ശാസ്ത്രത്തിലെപ്പടുതകാണ്മതിനോടിയെത്തീ. ൫൨
പാരംപ്രധാനനയകൌരവർവാസരംപ-
ണ്ടീരെൻപതേററുപടവെട്ടിയപുണ്യഭൂമി



Digitized By Kerala Sahitya Akademi

ഘോരംഭയപ്രദമെടൽക്കളമാക്കിവാണു
വീരൻപൃഥ്വക്ഷിതിപനപ്പൊഴുതൊന്നുകൂടി. ൪൨
പാരാവാരോരുഘോഷം,പ്രളയഘനരവം,
പാർവ്വതീശാട്ടഹാസം,
ഘോരാകാരംനൃസിംഹാരവ,മജിതനെഴും
ചണ്ഡകോദണ്ഡനാദം,
കാരാഗാരസ്ഥലങ്കാപതിരുദിതമിവ-
യ്യൊത്തിട്ടുംശബ്ദമാട്ടം
ധീരാരാതിക്ഷമാനായകബലവുമട-
ത്തെത്തിയുദ്ധത്തിനപ്പോൾ. ൪൩
അർദ്ധചന്ദ്രാങ്കിതശിരസ്സോത്തതവൈജയന്തികൾ
യുദ്ധക്കളത്തിൽശോഭിച്ചുരുദ്രരെപ്പോലെനിർഭരം. ൪൪
ഗോക്കളെബ്ഭക്ഷണംചെയ്യോർചകോരങ്ങൾക്കുതുല്യമായ്
ബ്രഹ്മചാരികളെപ്പോലെസമിത്തിൽകൊതിയുള്ളവർ ൪൫
ഗ്രാവംപോൽപോർക്കളത്തിങ്കൽദ്രവംതെല്ലറിയാത്തവർ
മാറിനെന്നതുപോൽവീതികേറാനുംവേണ്ടതുള്ളവർ ൪൬
ദൈത്യാരിഭഗവാനെപ്പോൽനിത്യംസംക്രന്ദനപ്രിയർ
ശിതികണ്ഠസ്വാമിയെപ്പോൽക്രുദ്ധാംസംനടത്തുവോർ ൪൭
തുരുഷ്കഭൂമിപാലൻതൻകരുത്തുള്ളോരുസൈനികർ
ഉരുക്കാൽതീർത്തമെയ്യുള്ളോരൊരുത്തനോക്കിൽവർണ്ണ്യരോ? ൪൮
കാലാൾസംസ്തുതപാദമൊട്ട
മലയാളംചേർന്നോരൊററവാക്കവരിൽ
പാരംസാദികൾനിർജ്ജര-
വാരപ്രമദാമനഃപ്രസാദികൾപോൽ. ൫൦

Digitized By Kerala Sahitya Akademi

ഗദ്യം:— അമ്മാന്യവുമസാമാന്യവുമാം സൈന്യമോടു ദൈന്യഹീനനും ശൂന്യബുദ്ധിയുമാം ജയചന്ദ്രനും തന്റെ സാന്ദ്രമാം ബലത്തെ സത്വരം യോജിപ്പിച്ചു.

ദ്രുതിനിതരാംചെന്നവനവധി
കുതിരകളോടൊത്തരണ്ടുസേനകളെ
എതിരിൽകണ്ടുജളത്വം
മതിയിൽപൂണ്ടസ്തമിച്ചുസപ്താശ്വൻ. ൧൭
അദ്ധ്വാന്തമെത്തുകിലനന്തവിയത്തിലപ്പോ-
ളദ്ധ്വാന്തമെത്തുമതിനെത്തടയേണ്ടതിന്നായ്
ശുദ്ധാന്തരംഗമെഴുമിന്ദുതദീയചാരു-
ശുദ്ധാന്തമൊത്തവിടെയെത്തിലസിച്ചുപാരം. ൧൮
മാരാരാതിശിരസ്സു,വൈഷ്ണവപദം
താരസ്തോമം ചിത്രവും
പാരാതേറ്റമലങ്കരിപ്പൊരുകലാ-
നാഥൻപ്രകാശിക്കവേ
ആരാൽപോയിടണംമനോജ്ഞതമുറ-
സ്സെന്നാൽമറിച്ചന്നഹോ
ധാരാളത്തിലതെത്തിമുന്നിലധികം
ലോകത്തിനാകെദ്ദുഃഖം. ൧൯
പോരിന്നൊരുങ്ങുമരികൾക്കെഴുമുള്ളുവിട്ടു
വേറിട്ടുപാഞ്ഞൊരുതമസ്സഖിലംനിശേശൻ
ഹാരിത്വമേറ്റമിയലുന്നൊരുതൻകരത്താൽ
പാരിങ്കൽനിന്നുപരിചോടുപറിച്ചെടുത്തു. ൨൰
ആയാമിനിസ്ത്രപിറകളെള്ളാരിനോദയത്തി-
ലായാമമുള്ളൊരുസുഷുപ്തിയെയോർക്കുകൊണ്ടോ

Digitized By Kerala Sahitya Akademi

ശ്രീയാളുമാണ്ട്ടരശേഷമുറങ്ങിയില്ല?
മേയാൻപിടംപശുവിനെന്തിനുപുല്ലുകൊമ്പിൽ? ൱൩
എന്നോമനക്കുലമലംകൃതമാക്കിടുന്ന
മന്നോരുമുണ്ടിതിലവക്കവസാനകാലം
വന്നോരുനാളെതിരിലെന്തിനുതാനിരിപ്പ-
തെന്നോനിനച്ചുശശിയന്നനഭസ്സുവിട്ടു? ൱൪
വെക്കംകിഴക്കഥവെള്ളത്തുദയാദ്രിതന്മേ-
ലക്കർമ്മസാക്ഷിഭഗവാനെഴുന്നള്ളിയപ്പോൾ
ഉൾക്കട്ടിക്കൂടുമരിസംഘതിപോരിനായി-
ത്തക്കത്തിലേറവുപൃഥുഭൂപനൊടാത്തരോഷം. ൱൫

ആൎത്തത്രാണപരായണതപമനിശം
കൈക്കൊള്ളാണ്ടുചാൽക്കൊണ്ടോര-
പ്പാൎത്ഥൻതന്നുടെതേർതെളിച്ചഭഗവാൻ
തൻപത്തുവൻപെത്തുവാൻ
ഓൎത്തില്ലംഭയമെന്നിയേപൃഥുനൃപാ-
ലോത്തംസമുത്തുംസുഹൃൽ-
സാൎത്ഥത്തോടുസമംപടക്കെത്തിരിടും
സൈന്യത്തോടായ്നേൎത്തതേ. ൱൬

ആനക്കാന,രഥംരഥത്തിനു,ചരം
കാലാൾക്കുകാലാൾ,ധനു-
ൎബ്ബാണത്തിന്നുശരം,ഹയത്തിനുഹയം,
സാദിക്കുഹോസാദിയും,
നൂനംവേലിനുവേൽ,മറക്കുതുകണ്ടു
കസ്ത്രത്തിനസ്ത്രം,മഹാ-

Digitized By Kerala Sahitya Akademi

മാനംപൂണ്ടെതിരാളിമാരുയിർമറ-
　　ന്നിമ്മട്ടുപോരാടിനാർ. ൯൯
കല്ലൊക്കുംകരളുംവൃഷത്തൊടെതിരാം
　　തോളുംഭയംകണ്ടിടാ-
ത്തുള്ളോരുള്ളമിരുമ്പുലക്കതൊഴുവോ-
　　രുദ്ദണ്ഡദോർദ്ദണ്ഡവും
ചൊല്ലൊക്കുന്നകരിമ്പനയ്ക്കുസമമാം
　　മെയ്യുംവെറുംതുച്ഛമാം
പുല്ലൊത്തുള്ളശരീരബന്ധവുമിയ-
　　ന്നീടുന്നൊരീടാന്നവർ ൱
തങ്കയ്യുംരിപുവിൻെറവായുമൊരുപോൽ
　　മണ്ണേന്തിയെന്ന്യേദൃഢം
മുൻകാൽവെച്ചതെടുത്തിടാതടലിൽനി-
　　ന്നുദ്ധ്വൻവലിയ്ക്കുംവരെ
തിങ്കൾപ്പൂമുഖികീർത്തിയോഷയുടെയോ
　　വിൺതയ്യലാൾതൻെറയോ
കൊങ്കക്കുന്നിണരണ്ടിലൊന്നിൽവിഹരി-
　　ച്ചില്ലാതെനില്ലാതവർ ൱൧
ശൂലംവാൾഗദകുന്തമീട്ടിമുസലം
　　ചാപംതുടങ്ങിദ്വിഷൽ-
ജാലത്തെക്കലചെയ്വതിന്നുതകിടും
　　ശസ്ത്രങ്ങളൊത്തങ്ങിനെ
സാലംതോററകരത്തിലാജിധരമേ-
　　ലഭ്രത്തിൽമേഘംമഴ-

Digitized By Kerala Sahitya Akademi

ക്കാലത്തെന്നകണക്കവന്നുകയറും
കെല്പിന്നിരിപ്പാന്നവർ ൧൨
തന്നാട്ടിന്നുമത ൻമതത്തിന്നുമതിൻ
രാജാവിന്നുംമേൽക്കുമേൽ
ണ്ണായ്വന്നിടുവാൻമരിസ്സിൽനരർതൻ
ജന്മംപരംമാന്യമാം
എന്നാരാൽനിരൂപിച്ചതിന്നുതരമൊ-
ന്നേകുന്നതിന്നീശനോ-
ടന്നാളുംമനതാരിൽവാഞ്ഛയൊടപേ-
ക്ഷിപ്പോരുസൽപ്പൂരുഷർ ൧൩
യുദ്ധക്ഷോണികളിൽകബന്ധനിരതൻ-
താളത്തിനൊത്തുള്ളതാം
നൃത്തംവെച്ചുരസിക്കുവോർതലമുതൽ
ക്കാലോളമെല്ലാടവും
പ്രത്യംഗംഭയമേകിടുംപ്രണകിണം
പൂണ്ടോരുകണ്ഠീരവ-
പ്രാഗത്ഭ്യസ്ഥൈര്യനികേതർചെയ്തുനിതരാ-
മായോധരായോധനം. ൧൪
ചാകുന്നൂയോധരോരോന്നൊടിയിലുമൊരുപാ-
ടാ,യതോത്തായതാർത്ത്യാ
വേകുന്നൂസൈന്യനാഥക്കതങ്ങിര,ത്തുക-
ണ്ടാർത്തുതച്ഛത്രുവൃന്ദാ
ത്തുകുന്നുഹർഷബാഷ്പം,കരബലമെഴുവോ-
രാജിഭ്രദ്ദേവതസ്സാ-

Digitized By Kerala Sahitya Akademi

യേകുന്നുതൃപ്തിയാംമട്ടഖിലവിഭവമോ-
　　ടൊത്തതാംസദ്യൂണ്ണം. ൧൭
എയ്യുന്നുലക്ഷ്യമൊപ്പിച്ചരിഭടർവിശിഖം,
　　ചെന്നതൊന്നിച്ചുകേറി-
ക്കൊയ്യുന്നുസംഖ്യവിട്ടോരുയിരുപയറുപോൽ
　　കർഷകൻ,ഹർഷപൂർവ്വം
പെയ്യുന്നു പുഷ്പവർഷംഗഗനചരർ,മദി-
　　ച്ചാർത്തുവാനത്തുനൃത്തം
ചെയ്യുന്നുവീണയേന്തുംമുനി,യൊരുവനെഴും
　　ദുഃഖമന്യന്നുസൌഖ്യം. ൧൮
ക്കൂടുന്നു വാശിയോധർക്കകമതില,തിനാൽ
　　മൂക്കുമൂക്കോടുമുറ്റും
മൂടുന്നു സായകത്താൽഗഗനവുമിളയും,
　　ഭൂതവേതാളസാർത്ഥം
ആടുന്നുതൃപ്തികൈക്കൊണ്ടമർനിലമതിൽനി-
　　ന്ന,ന്തമില്ലാത്തൊരാറാ-
യോടുന്നുഹസ്തികുംഭാദികപുളിനഗണ-
　　ത്തോടുമീടാർന്നരക്തം. ൧൯
ചേരുന്നുനാകലോകംതരുണർ,ഗണികമാർ
　　തമ്മിൽനന്മണ്ടുതല്ലി-
ക്കീറുന്നുമുൻപുമുൻപെന്നവരൊടണവതി-
　　ന്നു,ർവ്വരസ്സുള്ളഭാരം
തീരുന്നു, ചിത്രഗുപ്തൻമുറിയിലൊരുവിധം
　　മിക്കറിക്കാർട്ടുമെത്തി-

Digitized By Kerala Sahitya Akademi

ക്കേറുന്നുകാററു,പിൻപുംപടയുടെകെട്ടതി-
　　ശ്ശേത്തുമേഭേദമില്ലാ. ൬൯
പിഴക്കുന്നുതാളംപരവശതയാൽകിന്നരതതി-
ക്കൊഴിക്കുന്നുചെല്ലുംമൃതരെമടവാർനിസ്പൃഹകളായ്
പഴിക്കുന്നുതന്നെസ്സുമരഹിതമാംനന്ദനവനം
കഴക്കുന്നുകൈത്താരമരപുരശില്പിക്കുമധികം. ൭൦
വെള്ളിക്കുന്നൊന്നുപൊൻകുന്നപരമിവയൊഴി-
　　ഞ്ഞിങ്ങുരത്നങ്ങളെക്കൊ-
ണ്ടില്ലിന്നോളംചമച്ചുള്ളൊരുഗിരിയധുനാ
　　പത്മരാഗാദിയേകം
കില്ലില്ലെത്തുന്നുപക്ഷേപുരരിനിയുമുടി-
　　ച്ചാലയംതീർപ്പതാവാ-
മല്ലിത്താർബാണവൈരിക്കുടർനിലമൊരുസ-
　　ന്ദേഹമന്യേവമേകീ. ൭൧
സുതനുകമലതൻചൊടിക്കുചേരും
ദ്യുതിപടരുംവിധമാപ്പയഃപയോധി
ങ്ങതുപൊഴുതുവിടന്നചെമ്പരുത്തി-
പ്പുതുമലർതന്നുടെകാന്തിയേന്തിനിന്നു. ൭൨
കാമൽച്ചാമരമായിടുംചികുരവും
　　വില്ലാകുമാച്ചില്ലിയും
വാർമെത്തുംകരികുംഭമായകുചവും
　　തദ്ധ്വസ്തമാമൂരുവും
ശ്രീമത്താമൊരുശംഖമായഗളവും
　　കൈക്കൊണ്ടുരക്താംബരം

Digitized By Kerala Sahitya Akademi

കാമംപൂണ്ടരണാവനിസ്സുവശരായ്
        പോരാന്നപോരാളിമാർ. വൃക

എത്തുന്നവൈരികളെവാഴകണക്കവെട്ടി-
വീഴുന്നൊരസ്സമരസിംഹനെനേക്കനോക്കി
പേത്തുംനൃപാലനിവനാളിയിലിട്ടനാമ-
മൊത്തെന്നുകാണികൾപെരുത്തുപുകഴ്ത്തിനിന്നാർ. വൃന
പട്ടപൃഥുവുമനേകമൂഷികങ്ങൾ-
ക്കിടയിലണഞ്ഞൊരുപൂച്ചയെന്നപോലെ;
ഇടിപൊടിതവിടാക്കിവൈരിവൃന്ദം
സ്ഫുടതരമേറെമുഴക്കിശംഖനാദം. വൃത്
അദ്ധ്വന്യശംഖരവമൻപൊടുകേട്ടശക്ര-
പ്രസ്ഥത്തിലെപ്പടതെളിഞ്ഞുവിളങ്ങിപാരം
പ്രത്യർത്ഥിയോധരുടെഭൈരവമായദീൻദീൻ-
ശബ്ദത്തിനുംകുറവുതാമസിയാതെവന്നു. വൃ൭
കണ്ണിൽകണ്ടരിപുക്കൾതൻഗളതലം
        ചീളെന്നുവാളൊന്നിനാൽ
മുൻനിൽക്കുംപൃഥു,വെള്ളരിസ്സുപതിനാ-
        റന്മാർനുറുക്കുംവിധം
എണ്ണിക്കൊണ്ടരിയുമ്പൊഴേകനരിനീ
        പോക്കിന്നുനേക്കൊന്നൊടെ-
ന്നുന്നിദ്രപ്രതിഘത്തൊടോതിയരികിൽ
        ചെന്നെത്തിസന്നദ്ധനായ്. വൃന്ന
അൻപുവിട്ടരിതൻനേക്കൊരമ്പുവിട്ടളവിൽപൃഥു



Digitized By Kerala Sahitya Akademi

ന്താനമുള്ള തദ്ദേശംപോയ്മാനമെത്തിയവന്നഹോ! ൮൭
സാരഥിതേർതട്ടിലിരയൊട്ട
ചാരുതരചന്ദനമകടവുംവേറായ്
പാരതിലമർവിണിടവേ
ഘോരതരംവാളെടുത്തുപൃഥുവെട്ടാൻ. ൮൮
കണ്ടാൻകൺകൊണ്ടുമുന്നിൽപൃഥുവത്തപൊഴുതാ-
കന്യാകുബ്ജാധിരാജ്യാ-
കണ്ഠാലങ്കാരമായുംഭരതധരണിതൻ
കണ്ഠകോട്ടാലിയായും
തണ്ടാരമ്പൻറതങ്കക്കൊടിനിജവധുവിൻ
താതനായുംവിളങ്ങും
കണ്ഠാലാരുംവിറയ്ക്കുംബലനിധിജയച-
ന്ദ്രോർവ്വരാജാനിതന്നെ. ൮൯
പെരികെമദമൊഴിഞ്ഞുമിന്നൽതട്ടി-
ച്ചിറകുകൊഴിഞ്ഞപതത്രിപോലരാതി
അരികിലവശനായ്ക്കിടപ്പതീക്ഷി-
ച്ചരുളൊടയാപൃഥു വാക്യമേവമോതി: ൯൦
'നമിച്ചേർതാദംഘ്രിയ്ക്കുസർവ്വാപരാധം
ക്ഷമിച്ചെന്നിലാശിസ്സുചേർക്കേണമേമേൽ
രമിച്ചെന്നിയേനമ്മിൽവാഴൊല്ലവൈരം
ശമിച്ചെന്നുചൊന്നെങ്കിൽഞാൻധന്യനായി.' ൯൧
കരക്ഷരംമറുപടിയോതിടാതതി-
ന്നരക്ഷണംകനൽചിതറുന്നകണ്ണിനാൽ
തരക്ഷുപോൽപൃഥുവിനെനോക്കിവേഗമ-
പ്പുരക്ഷമാപതിരണഭൂമിവിട്ടുതേ. ൯

Digitized By Kerala Sahitya Akademi

ഗദ്യം:— തദനന്തരമസമസമരസമരസാസ്വാദനോല്ലസ-
ദ്ധൃദയമധുകരരാമനരവരരോടും ജീതിത്രപേഷ്യാമർഷങ്ങളഹമഹമി-
കയാ കടന്നു തദ്വിഷയവൃത്താന്തം മനസ്സോടും താമസമെന്നം
പൈരുക്കം തുരുഷ്കപതി താമസം വിട്ടു ഒന്നാമണിയിട്ടു പലായന-
പരായണനായ് ഭവിച്ചു.

അക്കാണ്ടിശീകപശുവിന്നനുധാവനത്തി-
ലുൾക്കാമ്പിലാശ കലരാത്തപൃഥുക്ഷമേശൻ
പ്രഖ്യാതിതേടുമൊരുമന്ദിരപൂരിലെത്തി-
ത്തൽക്കാമിനീമണിയൊടൊത്തുസുഖിച്ചിരുന്നാൻ. ൯൩

രാജയക്ഷ്മാവുകൂടാതെശേഷം വാച്ചബലത്തോടും
ഷാഹബ്ബുദീൻഗോറിലെത്തിഹതാശർക്കഗ്രണ്യനായ്. ൯൪

ചാട്ടംപിഴച്ചോരുകുരങ്ങുകളെന്നപോലെ
കൂട്ടംപിരിഞ്ഞുഗതികെട്ടുമുഖപ്രസാദം
വാട്ടത്തിലായുരുകുമുള്ളൊടുനിന്നിടുംതൻ-
ശിഷ്ടംജനത്തൊടുതുരുഷ്കനിവണ്ണമോതീ: ൯൫

'രാജിക്കുംപുകളെഴുമന്യഭൂമിപന്മാർ
പൂജിക്കുംപുരുഷനിവന്നുനിങ്ങൾമൂലം
ആജിക്കുള്ളവശതവന്നുമാനമെല്ലാം
ഹാജിക്കായ്തിരിയെവരാതെപോയിതല്ലോ. ൯൬

മാനംകൈവിട്ടുമണ്ണുംമരവുമുരുകിടും
    ലോഹവുംകല്ലുമീശ-
സ്ഥാനത്തിൽചേർന്നുപോരിൽഭയമധികമെഴും
    ശുഷ്കഹിന്ദുക്കൾപോലും

Digitized By Kerala Sahitya Akademi

ഈനമ്മെപ്പോർനിലത്തിൽത്രപയുടെകണികാ-
ണാത്തോരിനിങ്ങൾമൂലം
നൂനംകാററിൽപറക്കുംകരിയിലകൾചിററി-
ട്ടുണ്ടഘട്ടത്തിലാക്കി. ൯൭
ഇഗ്ലോററിനുംനിബിമതത്തിനുമെൻറകൈകൾക്കും
മേൽക്കേറിടുന്നപയശസ്സൊഴിയാതിരിപ്പാൻ
തക്കോരുകർമ്മമിതുമട്ടമനസ്സിൽമുററും
ധിക്കാരമാർന്നബത!നിങ്ങൾകഴിച്ചുവല്ലോ. ൯൮
എന്തിന്നുനാടുധനമെന്തിനുസൈന്യമെന്തി-
ന്നെന്തിന്നുവീടുബലമെന്തിനുജീവനാലും
എന്തിന്നിമേൽഫലമടൽക്കപിഴസ്സിലെല്ലാ-
മന്ധനുകിട്ടിയൊരുദർപ്പണമാണനൂനം. ൯൯
കഴുതകളിൽകേറീട്ടി-
പ്പൊഴുതിവർതൻപൃഷ്ഠദത്തദൃഷ്ടികളായ്
തെരുവുകൾമുഴുവൻചുററി-
പ്പുരവനിതാഹാസയോഗ്യരാകട്ടേ. ൧൦൦
ഇവ്വണ്ണമുള്ളപജയഘോഷയാത്രയാ-
ലവണ്യമാംത്രപനൃപയോധരുള്ളതിൽ
ധ്രുവന്ധരിച്ചഥമരണം,ജയം,ജവാ-
ലിവററിലൊന്നണവതിനാശതേടിനാർ. ൧൦൧
അവരെവിരവിൽനന്നായ്പോക്കളത്തിൽകളിപ്പാൻ
നൃവരനതിവിദഗ്ദ്ധൻകച്ചകെട്ടിച്ചുവീണ്ടും
അവരുമതിജവത്തിൽചാണയിൽതേച്ചകല്ലിൻ
നവസുഷമവഹിച്ചാരാഹവോത്സാഹവാന്മാർ. ൧൦൨

Digitized By Kerala Sahitya Akademi

ആരെത്താൻപടയിൽവധിക്കുവാൻകൊതിക്കും
നേരെത്താത്തൊരുകൃപയപ്പൃഥുക്ഷമേശൻ
പേറിത്തൻമരണമണച്ചതില്ലതോത്തെ-
ന്നേരത്തുംഹൃദിജയചന്ദ്രനാത്തിപൊങ്ങീ. ൫൦൩

'ഏതിജ്ജീവൻ?പരൻതന്നതു,മൃതിയിതിലും
        നല്ലതല്ലേ?തരിമ്പും
വാദിപ്പാനില്ല,പിന്നെജ്ജല,മസി,വിഷമീ-
        മൂന്നിലൊന്നില്ലയോമേ?
ചോദിക്കേണ്ടൊക്കെയുണ്ടിന്നരികിലവയിലൊ
        ന്നാട്ടെനീട്ടേണ്ടകാര്യം
ഖ്യാതിക്കാമോനിനച്ചാൽസ്വമരണ?മിനിയും
        ഖ്യാതിയേതി,ല്ലതെല്ലും. ൫൦൪

ജനാസംഖ്യശസ്സാംകടലിനുടെനട-
        ക്കാണ്ടഞാൻഹന്ത!രാജ-
സ്ഥാനാർഹൻതീരെയല്ലെൻമൃതിമദഭിജനാ-
        ങ്കാങ്കുരച്ഛേദരൂക്ഷം
മാനാപേതംമനസ്സേ!മഹിയിൽമരുവിടാ-
        നിച്ഛവെച്ചാലനത്ഥം
താനാണെന്നോർത്തുനൽകീടണമനുമതിയി-
        ബ്ബന്ധമെന്തിന്നുമേലിൽ? ൫൦൫

ദൈവത്താൽഹതനായഞാൻധരണിയിൽ
        ജീവച്ഛവംപോലെമേൽ
ഹാ!വത്തിപ്പതുകാണികൾക്കരുളിടും
        കന്നിച്ചമന്ദസ്മിതം

Digitized By Kerala Sahitya Akademi

ഈവ്വദ്ധനന്തിനില്ലമോഹമതിനാൽ
        നിയ്യെന്റെകയ്യേ!കട-
ന്നാവിട്ട്യത്തൊട്ടുതുല്യമാമസിയെട്ട-
        ത്തല്പംതുണെയ്ക്കേണമേ!! ൧൦൬

ഒന്നല്ലാപ്പ്യഥ്വോട്ടമ്മന്നരുകട-
        ന്നുകൊത്തുഃപാരിട്ടഞാ-
നെന്നല്ലന്യമതസ്ഥസാഹ്യമതിനായ്
        കയ്യ്ക്കൊണ്ടുവെന്നാകിലും
എന്നല്പൽക്കൊരുശാന്തിയില്ലചെറുതും
        ചോരെങ്കിലയ്യോ!മുറി-
ഞ്ഞെൻനല്ലഞ്ജനാകിത്തിശാഖിഹതമായ്
        ദട്ടിഷ്ടവിപ്തത്തിനാൽ. ൧൦൭

അല്ലേഖഡ്ഗ!ഭവാനെനിയ്ക്കപിരിവി-
        ല്ലാതുള്ളകൂട്ടാളിയാ-
യല്ലേവാണതിതേവരെയ്ക്കരത്താ-
        രിങ്കൽപരംകെല്പോടും
ഇല്ലേതെല്ലലിവന്ത്യകാലമതിലെ-
        ബ്ബന്ധുക്കൾബന്ധുക്കളെ-
ന്നില്ലേപേർത്തുമൊരാപ്ത്വവാക്കരികിൽവ-
        ന്നിപ്പോൾസഹായിയ്ക്കെടോ!' ൧൦൮

ഉരുകന്നഹ്യത്തൊടിതുപോൽപലതും
നിരുപിച്ചുഭൂപനമരുന്നളവിൽ
ഉരുമുത്തുഃതടിനതുരുഷ്ണനയ-
ച്ചൊരുകത്തവന്നുകരലബ്ധമതായ്. ൧൦൯

Digitized By Kerala Sahitya Akademi

ഉടൻപടയ്ക്കൊത്തണമന്നുചെയ്യോ-
രുടമ്പടിച്ചൊൽപ്പടിയന്ന്യനോടായ്
കടംപെടാൻവയ്യിവനെന്നവാക്യം
സ്ഫുടംപടുക്ഷ്മാപനതിൽകുറിച്ചു. ൧൧൦

അതാത്മഹത്ര്യസ്ക്കുതുടങ്ങുമാബ്ദ-
ശതാധ്വരൻകേട്ടൊരുപോരുകൂടി
ധൃതാദരംചെയ്യണമെന്നു ചിന്തി-
ച്ചിതാക്ഷ്മാശസ്ക്കുളവില്ലയല്ലോ ൧൧൧

അന്നാട്ടിലെമ്പടരെയൊക്കെവിളിച്ചുകൂട്ടി-
യന്നാട്ടിലെയ്ക്കിടയനെന്നകണക്കഭൂപൻ
ഒന്നാട്ടെപോരിനിയുമെന്നുമുതിൻമുൻപോൽ
താൻനാട്ടിടാൻതറയിൽവീണജയധ്വജത്തെ. ൧൧൨

വാശിസ്ക്കുകംകളരിയാക്കി,യിടംകൃപസ്ക്കു
ത്തുശിസ്ക്കുപോലുമരുളാതവർവീരവാദം
പേശിക്കതിച്ചുനിജനിമ്നതയാകെയംഭോ-
രാശിസ്ക്കുപോംപൊടിയുയർത്തിനടന്നുതുന്നും. ൧൧൩

വങ്കടലൊടുകല്പാന്ത-
ത്തിങ്കലെഴുംവാരിദങ്ങൾചേരുംപോൽ
ഹുങ്കകമാർന്നിടുമവർഗത-
ശങ്കമണഞ്ഞാർത്തുരുഷ്ടസേനയൊടായ്. ൧൧൪

പിഴയവനിയിലല്ലയോധനിൽതാൻ
നിഴൽപടിചേരുവതെന്നുകാട്ടുവാനായ്
പഴയപടനിലത്തിലെത്തിയാർത്താർ
മഴയുടെമുന്നിടിപോലെസൈനികന്മാർ. ൧൧൫

Digitized By Kerala Sahitya Akademi

ഞന്നതൊന്നുമറിയാതെകാന്തയാം
സന്നതാംഗിയൊടുമൊത്തുസൌഖ്യമായ്
മന്നവൻപൃഥുവസിച്ചുമാനുഷ-
ക്കിന്നതെപ്പോഠംവരുമെന്നുകണ്ടതാർ? ൧൧൬

തഞ്ചമാപല്ക്കിട്ടിച്ചരത,
വഞ്ചനയാലരിയയച്ചകനകാസ്ത്രം
സഞ്ചിതകുതുകമണച്ചതു-
മഞ്ചിതസുമബാണനവനറിഞ്ഞില്ലാ. ൧൧൭

ഒരുദിനമിരുപേരുംപുത്തനാംഹൃദ്ഗിനോദം
തരുമൊരുചതുരംഗംവെച്ചുമോദിച്ചിടുമ്പോഠം
പുരമദമൊരുമൂതൻപൃത്തപത്മാകരത്തിൽ
പെരിയകരികണക്കാപ്പത്തനത്തിൽകടന്നാൻ- ൧൧൮

കറിഞ്ഞികാണംപുലിപോലെചീററി-
ക്കറഞ്ഞകാരുണ്യമൊടപ്പൊഴേവം
പറഞ്ഞുഭൂപൻ'പലഹാരമാവാൻ
വിരഞ്ഞതാർകാലനു?ചൊൽകവേഗം. ൧൧൯

കടുവായുടെവായിലാരുകയ്യി-
ട്ടിടുവാനോക്കവതെ?'ന്നരാട്ടരണ്ടേ
വിടുവായനവൻകടന്നുടൻവ-
മ്പൊടുവാക്കേവമുരച്ചുഭീതിയെന്ന്യേ: ൧൨൦

'നിങ്കാലനാകിയമഹമ്മദനെത്തി,വേണ്ട
ശ്ശങ്കാലകാലമൃതി,ജീവനിലാശയെന്നാൽ
ശങ്കാലവംഹൃദിവെടിഞ്ഞുമുറയ്ക്കുകപ്പം
തങ്കാലണഞ്ഞുതരസൈവകൊടുത്തുകൊഠംക.' ൧൨൧

Digitized By Kerala Sahitya Akademi

അരിശമനപടുതമേറുമാണ്ട-
ഹരിശമനൻപടികണ്ണുരുട്ടിയപ്പോൾ
അരിശമധ കമാൻുരച്ചു: 'വാളും
പരിശയുമേന്തിനകൈകൾ കണ്ടുവോ നീ? ൧൨൨

ഉഗ്രം കൊത്തിട്ടുത്തുരുഷ്കക്ഷിതിപനുടെ വധൂ
ഭൂഷശേഷിച്ചുവെച്ചാ-
തെൻകൈത്താരാൽപറിച്ചിന്നവരുകരമണ-
ച്ചിന്ന സിംഹാസനത്തിൽ
പങ്കെത്തിച്ചെന്റെനാമം സപദി പൃഥുവതെ-
ന്നാകിലോനാകലോക-
ത്താങ്കത്തെക്കൊങ്കയാൾ തൻതടമുലതടവി-
ച്ചീടുവൻപേടിവേണ്ടാ.' ൧൨൩

ഗദ്യം:— ഇത്തരം ചിത്തരംഗത്തിനർത്ഥം സാധ്വസം നൽകും വചസ്സു സന്ദേശഹരവൃന്ദേശനാമന്നരനന്നരം ശ്രവിച്ചു പൌരുഷത്തിനു വിളനിലമാമിളാതലവലകാലന്റെ ചേലേന്തും പരിഷത്തു നിമിഷത്തിൽ വെടിഞ്ഞു പടിഞ്ഞാറു നോക്കിഗ്ഗമിക്കുമവസരത്തിൽ പൃഥുലബാലനാം പൃഥുവതുലനിശ്ചലതയൊടു പൊടുന്നനവേ തന്നശ്രിതിങ്ങും സേനയെയാനയിച്ചു തെളിയുന്നു ഭയം പെരുക്കമിക്കുംഭിനിയെ തുരുഷ്കരഹിതമാക്കുവാൻ പുറപ്പെടുവിനെന്നരുളിത്തന്നരികിലുരുകിന മനമോടമരുമമരകവീശ്വരഗമനയാം രമണിയൊടിവണ്ണമവന്ധ്യപ്രണയമസൃണമാംവണ്ണം ഭണനം ചെയ്തു:

'തണ്ണീരിത്താരിതൾക്കൊത്തൊരുമിഴികളിൽനി-
ന്നോമനപ്പൂമുഖത്തിൽ



Digitized By Kerala Sahitya Akademi

കണ്ണീരിററിററുവീഴുന്നതുകമനികലോ-
ത്തംസമാംഹംസയാനേ!
വെണ്ണീറാക്കുന്നുകേളെന്നകമലരതി
വ്യത്ഥമാംചിത്തഖേദം
മണ്ണീരാജന്ന്യർപാലിപ്പതിനുപടയൊഴി-
ഞ്ഞാകിലാകില്ലയല്ലോ. ൧൨൪

സാപത്ന്യംപൂണ്ടകൂട്ടക്കുറുതിവരുവതിൽ
കാന്തമാരേന്തുമത്രേ
ലോപംകൂടാത്തമോദംഹൃദി,ഭവതിമറി-
ച്ചാവതെന്തീവിധത്തിൽ?
ചാപംതോൽക്കുന്നതാംനിൻപുരികമൊഴികെമ-
ററൊന്നിനുംതന്നെയീഞാൻ
രോപംസന്ധിച്ചനാൾതൊട്ടിതുവരെയടിമ-
പ്പെട്ടതായ്ക്കേട്ടതുണ്ടോ? ൧൨൫

നിന്നാരോമൽക്കടക്കണ്ണിനുമതിയരുളി-
ക്കൊൾകിൽമാഴ്കാതെപോരി-
ന്നിന്നാരോടുംകടന്നേററവരെയവശരാ-
ക്കുന്നൊരെന്നുഗ്രബാണം
ഒന്നാലോചിച്ചുമിപ്പോളുറയിൽമരുവിടാ-
നില്ലനില്ലജ്ജമോടി-
സ്സന്നാഹംപൂണ്ടുവീണ്ടുംവരുമരിഭടർത-
ന്നൂണുചേണാന്നതത്രേ.’ ൧൨൬

എന്നോതിപ്പുണരുവതിന്നുകൈകൾനീട്ടും
തന്നോമൽക്കണവനെചിട്ടൂരമാറി

Digitized By Kerala Sahitya Akademi

കുന്നോട്ടംകള്ളർകചമാക്ഷ്മൌലിചൊന്നാ-
ളെ ന്നോടെന്തനുകമ്പന്ദ്രിയതാമേവം? ൧൨൭

ഞാനൊരുദു:സ്വപ്നം ക-
ണ്ടേനൊരുനാൾപണ്ടതപ്പൊഴേ ചൊന്നേൻ
ഹാ! നരരന്ധതമൂലം
താനറിവില്ലാതെകുഴിയിൽവീഴുന്നു. ൧൨൮

താരപറഞ്ഞതുകേൾക്കാ-
താരഘുവീരനൊടണഞ്ഞകപിപോലേ
താരമ്പനൊത്തകാന്തനി-
താരംഭിപ്പതുമദ്ദീയദുരിതഫലം. ൧൨൯

അരികളുടെശിരസ്സിൽമൂർദ്ധ്വംപോൽ
ഹരിഹരഭൂഷണമെൻഗളത്തിലാവാൻ
തരിതമൊരുതരംഭവിച്ചില്ലുർവീ-
ഹരിഹര! ശേഷമുരസ്സുവേണമോഞാൻ?' ൧൩൦

എന്നുമറ്റുമകൈതവപ്രണയമാ-
ന്നോരോന്നുപോരാന്നൊര-
പ്പൊന്നുംപൂമ്മുട്ടു:മനിയാൾകരളുഴി-
ഞ്ഞോതിത്തേടത്തീടിലും
ചിന്നുംയുധപത്തുഫലംഹൃദിപൊട്ടും
ഭുവൻവഴിപ്പെട്ടതി-
ല്ലെന്നുംകാലവശക്ഷ്വപഥ്യവചനം
ചെറ്റൊന്നുപാറുന്നതോ? ൧൩൧

'നിന്നാണെന്നിൻകളിരിളംകുചമാണുപോരി-
നിന്നാണെന്നുപ്പറനിതടയസ്സുദൃഢ!

Digitized By Kerala Sahitya Akademi

തന്നാണയംവലുതുമന്നവനെന്നരച്ച
ചെന്നാനാവൻഝടിതിസേനയോടാജിഭൂവിൽ. ൱൩൨

മറുദിനമടലിന്നുകോപ്പുകൂട്ടി
വിരുതിയലുന്നതുരുഷ്കസൈനികന്മാർ
പുരധൃതികലരുംപൃഥുക്ഷമാഭൃ-
ത്തൊരുലവമുള്ളകലുഷിടാതെനിന്നു. ൱൩൩

അത്താഴത്തിനുമേൽപരപ്പുപെരുത്താ-
മോരോമനോരാജ്യമാ-
ണ്ടധാത്രീശതമന്ത്രമൌലിജയച-
ന്ദ്രാഖ്യൻവസിഷ്ഠംവിധൌ
കാൽത്താർകുമ്പിടുവാൻകൊതിച്ചൊരുപുമാൻ
വാതിൽക്കൽനിൽക്കുന്നുവെ-
ന്നാത്താമോദമെടുത്തുചൊന്നൊരുഖരീ-
ക്കാരൻകഥിച്ചീടിനാൻ. ൱൩൪

അത്താരകത്തേയ്ക്കുവരട്ടെയെന്നായ്
ക്ഷത്താവിനോടുഭൂപതിചൊന്നനേരം
ശത്രുഘ്നബാണക്ഷസമാനനേകൻ
ധൃതായുധൻതത്സവിധത്തിലെത്തി. ൱൩൫

കവചോഷ്ണീഷാദികൾപൂ-
ണ്ടവചനഗോചരശരീരശോഭയോടും
ഇവനാരെന്നുവതിഞ്ഞോ-
ന്നവനിപചേതോബ്ജംമുന്നിനിന്നുതദാ. ൱൩൬

'ഉന്നിദ്രശ്രീയിവണ്ണാപുരുഷനൊരുവനും
കംഭരിപ്പൻസമീപേ

വന്നിട്ടില്ലെന്നുതോന്നുന്നിതുസുമുഖ! ഭവാൻ
        രാജസൂയത്തിൽവെച്ചും
ഇന്നിപ്പോളെന്തുകാര്യംവരവിതെവിടെനി-
        ന്നൊക്കയുംബാക്കിയെന്ന്യേ
മന്ദിക്കാതോതിടേണംപുലരുവതുരണാ-
        ഹസ്സുതാൻവത്സ! തിണ്ണം.’ ൧൩൭

വിനാശമൂക്കോടരികൾക്കശേഷം
ജനാധിപൻതൻമൊഴികേട്ടനേരം
അനാഗതശ്മശ്രുയുവാവുമേവം
ഘനാദരംപൂണ്ടൊരുവാക്യമോതീ: ൧൩൮

‘താത! ത്വദംഘ്രികളിൽവീണുവണങ്ങിടുന്നേൻ
ചേതസ്സലിഞ്ഞിടണമിപ്പൊഴുതല്പമെന്നിൽ
ഭ്രതന്നിൽഞാനഗതിയെൻപിഴസാരമാക്കാ-
താതങ്കമററിടുമനുഗ്രഹമേകിടേണം. ൧൩൯

ആരാജസൂയമഖവേലകഴിഞ്ഞുഘോര-
കാരാഗൃഹത്തിൽനിപതിച്ചു,പൃഥുക്ഷമേശൻ
ആരാലണഞ്ഞുവരനായസുജാതയെന്നു
ചോരാന്നതാവകതനൂജതൊഴുന്നുവീണ്ടും. ൧൪൦

എന്നായക! ശ്വശുര! വമ്പടനിങ്ങൾതമ്മിൽ
നന്നാകയില്ലരികൾ ഭാരതഭൂമിയേവം
വെന്നാൽവരുന്നകഥഞാനറിവിച്ചിടേണ്ട
മന്നാളുവോർക്കൊരുമഹാമണിയല്ലയോ നീ? ൧൪൧

വരനുടെവശമെത്തിമുവ്വരാമി-
പ്പരരെരണാവനിമേൽമൃഗേന്ദ്രസമം

Digitized By Kerala Sahitya Akademi

ഭിരദനിരയെയെന്നപോൽതകർപ്പാൻ
സരഭസമോക്ക്ശ്ശുഭംവരട്ടെനാട്ടിൽ.’ ൧൪൨
വാർകൊണ്ടൽവേണികഴൽതാണുവണങ്ങിയേവം
ച്ചൂർകൊണ്ടുരച്ചമൊഴികേട്ടനുകമ്പയെന്ന്യേ
കാർകണ്ടുകേറിമറിയുംപ്രളയാബ്ധിപോലേ
പോർകൊണ്ടഭൂപനിളകിപ്രതിവാക്യമോതീ: ൧൪൩
‘വെട്ടൊന്നിൽനിന്നെയിവിടെക്കഥതീർപ്പതിന്നെൻ-
ങ്ങട്ടിന്നുവാളൊടുവളുന്നുവരട്ടെപക്ഷേ
പെട്ടെന്നുഞാനിതുകഴിക്കിൽവരൻമരിച്ച
കഷ്ടാനിനാക്കുഭവിപ്പതിനാവതല്ലാ. ൧൪൪
ഭേദേ! പുംശ്ചലി! നിൻപ്രിയൻറഗളനാ-
ളാസൃക്കമീഷൽഭയം
നേരേവിട്ടോരുനിൻറകണ്ണിണപൊഴി-
ച്ചീടുന്നബാഷ്പാംബുവും
ചാരേചെന്നുമുലഞ്ഞയായ്പ്പരിണമി-
ച്ചുൾക്കാമ്പുമുക്കുമ്പൊഴി
വീരേശൻമമകത്തിതീറുമതിശ-
ത്തീക്കട്ടതെല്ലാറിടും. ൧൪൫
ഇത്തേജസ്സാർന്നവാള ഗ്ഗൂഢരുധിരസരി-
ത്താങ്കൽമുക്കിസ്സുരശ-
പ്രമേഘഞാൻവന്നുകണ്ണിൽപ്പുളുരജതമയം
കങ്കണംപൂണ്ടന്നിന്നെ
ക്കുത്തേറിട്ടംവൃകത്തിൻശൂഢയൊടുസമമാം
വായിൽപ്പെട്ടാഷ്ക്കുതുല്യം

Digitized By Kerala Sahitya Akademi

ധൂർത്ത്!കാമാർത്തിഹൃത്തിൽപെരുകമൊരുത്തരു-
　　ഷ്കന്റെകയ്യിൽകൊടുപ്പൻ. ൧൪൩
പോപോമരത്തുവിഷമാക്കരുതെന്നുവീണ്ടും
പാപോക്തികേട്ടുചെവിപൊത്തിമനസ്സുനീറി
കോപോഗ്രനാമവനെവിട്ടുസുബുദ്ധിപോലെ
ഭൂപാത്മജപ്രിയതിരിച്ചുഗൃഹത്തിലെത്തി. ൧൪൪
ഉദയാചലയവനികമേൽ
സദയംരവിനടനണഞ്ഞുതലകാട്ടി
മദമൊടുടൻഭടരിഷുവസി-
ഗദയെന്നിവപൂണ്ടുപോരിനായ്നേർത്താർ. ൧൪൫

ഗദ്യം:— അദ്ദാരുണമാം രണത്തിൽ കൃതനിശ്ചയരായ തുരുഷ്കഭടർ പടസ്സു മിടുക്കു പെടും കാന്യകുബ്ജയോധരുടെ ഗണ്യമാം തുണയാൽ സപത്നസൈന്യത്തിനവർണ്ണ്യമാം ദൈന്യത്തെ വരുത്തിത്തന്നായകനായ കാശ്യപീശതമന്യു പൃഥുവിനെ ബന്ധിച്ചവനരികിലിരിക്കിൽ വീണ്ടും ഭരതഭൂഖണ്ഡം ത്വരിതമിളകുമെന്നു കരുതും ഷാഹബുദ്ദീന്റെ കല്പനയാൽ ഗോറിലുള്ള ഘോരമാം കാരാഗൃഹത്തിലാ നൃപനെത്തൽക്ഷണം നിക്ഷേപിക്കുവാനേർപ്പാടു ചെയ്തു തൽബന്ധു സിന്ധുഗംഭീരനും കൈരവബന്ധുകരഗൗരകീർത്തിയും സിംഹസാഹസനുമാം സമരസിംഹനെപ്പിടിച്ചു വധിച്ചു സിംഹനാദം ചെയ്താർ.

രാട്ടുംദരിദ്രനുമഹോ!വിധിചുറ്റിടുന്ന
രാട്ടിന്റെതൊട്ടിലുകൾതാൻ,മലർമാതുമന്നിൽ
കാട്ടുന്നഗോഷ്ഠികൾവിചിത്രകൾപൂരുഷർക്കു
കിട്ടുന്നഭാഗ്യമിരുളിൽചപലാവിലാസം. ൧൪൬

Digitized By Kerala Sahitya Akademi

അക്കാലംവരെയുംപരാജയമറി-
    ഞ്ഞിടാതെവത്തിച്ചതൻ-
ത്തുക്കാലന്ത്യമഹീശർക്കപ്പിന്നപ്പുറ-
    ക്ഷോണീവലാരാതിയും
ദുഷ്ടാലംബ്ബിയിൽമുങ്ങിമങ്ങുമളവിൽ
    കൈക്കാൽകുഴഞ്ഞേററവും
മുഷ്ടാളുന്നതുരുഷ്ടഭൂമിപതിമി-
    ഷ്ടാഹാരമായ്തീന്നുതേ. ൧൭൩
കരദ്വയംവൈരികൾപക്ഷമുച്ചീ-
ധരത്തിനിന്നുൾപടിവെട്ടിവീഴ്ത്തി
തരത്തിലമ്പൂഭനെയാശുഘോരാം
പുരത്തിലേയ്ക്കായ്പകപൂണ്ടയച്ചാർ. ൧൭൪
സ്പഷ്ടംപരാജയമാന്നശത്രുഭൂപൻ
കുടതഴചാമരമാലവട്ടമോടും
പടഹമുരജശംഖനാദമോടും
പടയൊട്ടമച്ചുപുരിലേയ്ക്കുപായാൻ. ൧൭൫
അതിന്നുമുമ്പനുകനുതോലിവന്നതാ-
ക്ഷിതിപ്രിയൻദയിതസുജാതകേൾക്കവേ
ചതിച്ചമാംനൃപതിഹലിച്ചരാക്കിനാ-
വിതിക്ഷണംമനസിനിനച്ചമാഴ്കിനാൾ. ൧൭൬
ബാലപ്പോർമുലയാളനന്തരമുടൻ
    തൻകൺകരിങ്കുവള-
ത്താളിൽപ്പററിയബാഷ്പമുത്തിരുകരം-
    കൊണ്ടുംതുടച്ചിട്ടിനു

Digitized By Kerala Sahitya Akademi

മാലല്പംകലരാത്തപോലെയെഴുന്നേ-
റ്റിക്കിലെസ്ത്രീകൾ,ത-
ന്നാളിപ്പെൺകൊടിമാർമുഖേനനികടേ
വന്നീടുമാറാക്കിനാൾ. ൱൮൪

വന്നപുരാംഗനകളോടാ-
സ്സുന്ദരിഗംഭീരമധുരമായേവം
അന്നരുളി:'സോദരികളേ!
മന്ദംമമവാക്കുകേൾപ്പിനെല്ലാരും. ൱൮൫

വിരവിലറിവിനൊന്നിന്നെൻപ്രിയൻതൻപ്രയാണം-
ചരമമിതിനിനപ്പുറമുണ്ടുവേണ്ടുന്നലക്ഷ്യം
പരമിനിയതിനാൽനാംനാകലോകത്തിലസ്മ-
ദ്ധവരുടെയരികിൽചെന്നെത്തിടാനോർത്തിടേണം. ൱൮൬

എന്നാഥനെപ്പിരികയില്ലഭവദ്ധവന്മാർ
ചെന്നാരശേഷമവരാത്രിദിവത്തിലിപ്പോൾ
ഇന്നാശ്രുവഹ്നിയെവളർത്തിയതിൽപതിച്ചി-
ട്ടിന്നാമവർക്കുപിറകേതുണയായ്ഗമിക്കാം. ൱൮൭

ഞാനമ്പിൽനിങ്ങടെകിടാങ്ങളെയൊക്കെരാജ-
സ്ഥാനത്തിലേക്കൊളിവിലിപ്പൊഴുതേനയിപ്പൻ
മാനത്തെവൈരികളണഞ്ഞുകളഞ്ഞിടുംമു-
മ്പീനമ്മളഗ്നിയുടെബന്ധുതതേടിടേണം. ൱൮൮

ആനല്പവിത്തുകളിൽനിന്നുകിളർത്തുവീണ്ടു-
മീനമ്മൾതന്നഭിജനംവലുതായ്ത്തഴയ്ക്കും
നൂനംവിപച്ചപലതട്ടിടുവോർക്കുമന്നി-
ലാനന്ദമാത്മഹതിതാനതിനില്ലവാദം.'



Digitized By Kerala Sahitya Akademi

ഞെല്ലുംമുകിൽക്കോളുമെടുത്തഗർവ്വം
വെല്ലുംകചംപൂണ്ടവരാംഗിയേവം
ചൊല്ലുംവചസ്സിങ്കൽമുഖത്തിലാക്കും
തെല്ലുംഭവിച്ചീലൊരുഭാവഭേദം. ൧൬൦

അതിനവരുരചെയ്താർവിസ്മയംപൂണ്ടു:'നീതാൻ
സതി,തവമൊഴിഞങ്ങൾക്കെപ്പൊഴുംസൽപ്രമാണം
പതികളെനിഴൽപോൽനാംപിന്തുടർന്നീടേണം
ക്ഷിതിയിലസുലഭത്വംചേർന്നവർക്കാന്നുപുണ്യം.' ൧൬൧

ഇവണ്ണമവർചൊല്ലവെസുമതിയെന്നമന്ത്രീശ്വരൻ
വിവർണ്ണമുഖനായ്ക്കടന്നരികിലെത്തിനേത്രാംബുവാൽ
സുവർണ്ണധരണീധരസ്തനികൾതൻമദംസർവ്വവും
കവർന്നഘനകേശിയോടനുകവൃത്തമോതീടിനാൻ. ൧൬൨

പിന്നെസ്സഗൽഗദമവൻപൃഥുവെപ്പടസ്സു
സന്നദ്ധരാമരികൾവന്നുപിടിച്ചുകെട്ടി
അന്നദ്ധരേശനുടെയോധരെയുംവധിച്ചു-
തന്നപ്പിടസ്ഥലത്തുനടപ്പുടയാളൊടോതീ: ൧൬൩

'വരുന്നുജയഘോഷമോടരിത്തുരുഷ്ടനുംക്രോധമുൾ-
ക്കരുന്നിലിയലുംഭവജ്ജനകനായമത്സ്വാമിയും
വിരുന്നിനവരെത്തിടുംവിരവിൽനാളെയയ്യോ!തനി-
ച്ചിരുന്നിടരുതോമനേ!ഭവതിയപ്പൊഴിപ്പത്തനേ. ൧൬൪

ദുരിതാവനിപുണ്യഭൂമിയല്ലീ-
യരിതാഢിച്ചിടുമസ്മദീയദേശം
ഹരിതാൻഗതിമേൽനമുക്കി'വണ്ണം
പരിതാപത്തൊടമാത്യനോതിനിന്നു.

Digitized By Kerala Sahitya Akademi

'മതിമതിസുമതേ!വിലാപമിന്നീ-
മതിമതികൾക്കമനാഥയാമെനിക്കും
ക്ഷിതിയിതിൽമരുവാനശേഷമില്ലൾ-
ക്കൊതിയതിനാലൊരുവാക്കുഞാനുരപ്പൻ. ൨൰൫

മാനത്തിലിക്കുട്ടികൾതന്നെരാജ-
സ്ഥാനത്തിലാക്കീട്ടുകപിന്നെഞങ്ങൾ
ഊനത്തിനാക്കംകഴിയാത്തതാമാ-
വാനത്തിലെത്തിസ്സുഖമായ്‌വസിക്കാം.' ൨൰൬

ശരൽജ്യോത്സ്നിയിങ്കൽതടാകംകണക്കാ-
സ്സുരച്ചന്ദ്രതുല്യാസ്യ ചാഞ്ചല്യമെന്യേ
ഉരച്ചോരുവാക്കിത്തരംകേട്ടമാത്യൻ
തിരിച്ചാനപത്യവ്രജത്തോടുമൊപ്പം. ൨൰൭

അനന്തരംകപ്പമശ്രുഭ്രവർഷാ-
ഘനംതരുംകേശിസുജാതവേഗാൽ
അനന്തരമ്യാകൃതിതൻപുരത്തെ-
യനന്തരായംജ്വലനന്നുനൽകീ. ൨൰൮

ഹാ!ഹാ!പിന്നെക്കണ്ഡമൊന്നിങ്കൽമുറവും
സ്വാഹാകാന്തൻതന്നെനന്നായ്‌വളർത്തി
മോഹാപേതംസാദ്ധ്വിമാരത്രപേരും
ദേഹാപായത്തിന്നുസന്നദ്ധമാരായ്. ൨൰൯

ആരണ്യന്നിലൊരുവൻകുഴിയിൽതള്ളീ-
മേറെത്തെളിഞ്ഞുവിളയാടികൃപീഡയാനി
ള്ളൂറൊത്തടുക്കമൊരുസത്രിനിനച്ചിടുമ്പോൾ
മാറത്തുമുത്തുയുരുമേത്തുബുഭുക്ഷുവിന്നും. ൩൰

Digitized By Kerala Sahitya Akademi

വൈരംപെരുത്തശശിയോടുമുഖംനിമിത്തം
പാരംസമത്വമിയലുംതരളാക്ഷിമാരെ
ചാരത്തണച്ചെരിപൊരിപ്പതിനായ്ത്തുടങ്ങും
നേരത്തിലാശ്ശിഖിതെളിഞ്ഞതിലെന്തു ചിത്രം? ൧൭൨
അന്നൻപെഴുന്നഹരിബന്ധുധനഞ്ജയന്റെ
മന്ദസ്മിതംസ്ഫുരതികാന്തസുജാതനോക്കി
ഉന്നമ്രമോദമകതാരിലിയന്നുവാണാൾ
മുന്നംപ്രലംബരിപുസോദരിഭദ്രപോലേ; ൧൭൩
നില്ലാത്തതാംത്വരയോടന്നഥനാലുപാടും
വല്ലാത്തചൂടനിതരാംവലുതായ്വളൎന്നു
ഫുല്ലാബ്ജനേത്രയുടെവാൎത്തകൾകേട്ടുമാരൻ
വില്ലാലടിച്ചൊരുത്തുരുഷ്ണനിലെന്നപോലേ. ൧൭൪
സത്വങ്ങൾസത്വരമവന്നരികത്തുനിന്നു-
മുത്തുംഗഭീതിയൊടുദൂരെയൊളിച്ചുമാറി
സത്യംകഥിച്ചിടുകിലെങ്ങിനെയാശ്രയാശ-
ഹൃത്തിങ്കൽവന്നുയരുമാശ്രിതവത്സലത്വം? ൧൭൫

ഗദ്യം:— തദനന്തരമതനുതനുകാന്തിസന്തതിവസതിയാം സുജാത വിജ്ഞാതനാഥമൃതിയായ് ജാതവേദസ്സിനെയജ്ഞാതകൌതുഹലമഖിലപുരവധൂസമാവൃതയായ് സമീപിച്ചനസൂയയെ മനസാ നിനച്ചു കൃശാനുരേതസ്സിനെ ധ്യാനിച്ചു കൃശാനുവിൽ പതിക്കവേ പരമരുന്ധതീയശോനിരുന്ധതികളാം പുരന്ധ്രികളുമിനിയും തൽസ്വാമിയെ വൈമനസ്യം വിട്ടനുകരിച്ചു മരിച്ചു കണവരെയണഞ്ഞുകൊണ്ടാർ.

കൊണ്ടാടിക്കൊണ്ടുവൈശ്വാനരനമരവര-
പ്രസ്ഥമാംപത്തനത്തെ-

Digitized By Kerala Sahitya Akademi

പ്പണ്ടാലങ്കാപുരംപോൽപടുതയൊടുവിരു-
　　ന്നുണ്ടുവേണ്ടുംവിധത്തിൽ
ഖണ്ഡാർപൃവേണിമാക്കുംശരണമരുളിയെ-
　　ന്നുള്ളവാർത്താഗ്നിമുററും
ശണ്ഠാലോലൻതുരുഷ്കപ്രഭുവിനുടെമന-
　　ക്കാമ്പലംചാമ്പലാക്കി. എന്നു

'കണ്ണെത്തിയോരുസൗധവീഥിയാലെനിക്കു
വാണ്ണെത്തിയില്ലതു നിനച്ചുവിഷാദഭാരം
ഊക്കൊത്തഞാൻഹൃദിവഹിപ്പതുഭംഗിയല്ലാ
ലാക്കൊത്തൊരാറ്റംകൾസകലത്തിനുമെത്തുകില്ല. എനൈ

ഹരിപ്രസ്ഥംകാണ്മാൻകൊതിയിനിയശേഷംഹൃദിനമു-
ക്കിരിപ്പില്ലെൻകുട്ടുമ്പവിടെവിരവിൽചെന്നരിപുരം
ഭരിപ്പാൻനോക്കട്ടെഭടരൊടുസമംതജ്ജനപദം
ഹരിപ്പാൻഞാനിപ്പോൾഝടിതിനടകൊള്ളുന്നിതുസഖേ! എവ്വ

തന്നാടന്യരുചേർന്നുതൻതനയയും
　　തൽകാന്തനുംനഷ്ടരാ-
യെന്നാലുംപ്രമദംവഹിക്കുമൊരുനീ
　　കല്ലൊത്തൊരുള്ളൊത്തവൻ
എൻനാശത്തിനുനീയിരിക്കിൽമതിയാം
　　നിന്നെത്തുലച്ചെന്നിയേ
ചെന്നാലുണ്ടുപെരുത്തനർത്ഥമിതിഞാ-
　　നോക്കുന്നുഹൃൽകന്ദരേ. എൻ്റ

ഇക്കാക്കോടകനെപ്പിടിച്ചുതടവിൽ-
　　നപ്പാപ്പിപ്പി'ന്നൊക്കല-

Digitized By Kerala Sahitya Akademi

ന്നാക്രോശാന്റെവചസ്സിടിക്കുസമമായ്
കേട്ടൊന്നുഞെട്ടിപ്പരം
മുഷ്കാളുന്നതുരുഷ്കഭൂപനൊടുഞാൻ
പാവംതുണെക്കണമെ-
ന്നക്കാലംജയചന്ദ്രനോതിമൃതിയിൽ
ഭീയാന്നുനായെന്നപോൽ. ൧൮൦

'ഭരതഭൂമിനമുക്കുലഭിക്കണം
ത്വരിതമിപ്പൊഴതിന്നുഭവൽബലം
പെരുതെനിക്കുതുണെച്ചിട്ട്'മെന്നവൻ
വിരവിലായതിനുത്തരമോതിനാൻ. ൧൮൧

ചുരുക്കിച്ചൊല്ലുന്നേൻ പ്രതിജ്ഞയ ചന്ദ്രന്റെനിധനം
ശരിക്കപ്പോൾചെയ്യുന്നഭിമതമണിപ്പൂൺപുയമനായ്
തെരിക്കുന്നോടുംതൽഭടരെയരുളിത്തൽപ്പുരിയെയും
മുറയ്ക്കേൽക്കുംവെന്നാൻമുദിതമതിഭാഗ്യപ്പൊലിമയാൽ. ൧൮൨

ആരാന്റെവായിലൊരുമൺപൊടിനുള്ളിയിട്ടാ-
ലാരാൽതനിക്കുമതുതൊണ്ണയിൽനിൽക്കുമെന്നായ്
പാരാതെവൃദ്ധർപറയുംമൊഴിസത്യമാണെ-
ന്നോരാതിരിക്കരുതുമാമകചിത്തമേ!നീ. ൧൮൩

ധരിത്രിയിതുകൂത്തല്ല,വിടെനാംകുലംകുത്തുവാ-
നൊരിത്തുടരൊല്ലതിൻഫലമൊടുക്കമീവണ്ണമാം
പെരുത്തറിവിരിക്കിലുംഭ്രമമകറ്റിനന്നാക്കുമി-
കരുത്തതിരിയാത്തവൻകഥയിതൊന്നുവായിക്കണം. ൧൮൪

ശുഭം.

Digitized By Kerala Sahitya Akademi

PRINTERS & PUBLISHERS
THE MANGALODAYAM CO., LTD.,
TRICHUR.

Digitized By Kerala Sahitya Akademi